
# HYDEL BULLET

Issue - 5, Vol - 11, May - June 2023

A Monthly Publication of the Kerala State Elecrictiy Board Engineers' Association









## The Duck Curve

A DAY IN THE LIFE: MAY 1, 2021




1. From California Independent System Operator (ISO)
2. System demand minus wind and solar from California ISO
3. Costs per megawatt hour from Palo Verde Generating Station hourly index CAP purchases energy based on these prices, and not exactly at those listed.

# Governing Body Meeting at  Eranakulam



**KSEB Engineers' Association**
**Office Bearers 2022 - 23**

**ASSOCIATION**

**President**
Er Sunil K.

**Vice-Presidents**
Er G. Shaj Kumar (South)
Er Sabu T. Joseph (North)

**General Secretary**
Er Geetha V.S.

**Treasurer**
Er Anoop Vijayan

**Organising Secretaries**
Er Kunjunni P.S. (South)
Er Shine Sebastian (North)

**Secretaries**
Er M. Muhammad Rafi (HQ)
Er Nishanth B. (South)
Er Pramod Kumar M. (North)

**BENEVOLENT FUND**

**Chairman**
Er Kenny Philip

**Vice Chairman**
Er Subha T.G.

**Secretary**
Er Haridas Vijayan

**Treasurer**
Er Pradeep. S.V.

**Joint Secretaries**
Er Biji Radha Krishnan (South)
Er Hareesh A.D. (North)

**EDITORIAL BOARD**

**Chief Editor**
Er K.G. Potti

**Associate Editors**
Er Induchoodan D.R.
Er Divya Ramadas C.
Er Vivek V.S.

**Ex. Officio Members**
Er Sunil K.
Er Geetha V.S.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 5 Vol - 11 May - June 2023

Editorial

## Tariff Srategies

The 2023 summer clocked a record Maximum demand of 5024 MW and consumption of 100.2 MU. Growth in Consumption is a good sign of development in the state, but the growth in the Maximum Demand is a concern. We have multiple peaks nowadays apart from the morning and evening peaks. The first peak happens in the early morning when people wake up (5 am - 6 am), then next peak happens, when sunset happens (7pm - 8pm) and the toughest peak come at night 10:30pm. So, we can conclude that our peaks are mainly dependent on domestic loads.

Earlier to address the issues related to peak demand, DSM programs were conducted at schools and residential associations by switching off unwanted lights during peaks, replacing high power consuming devices etc. Later, DSM programs were stopped as it was directly impacting the revenue. Currently there is a new peak immediately after the evening peak hours. Inefficiencies in implementing DSM and programs for conservation of energy have exacerbated the problem. Now the focus should be either clipping of peak or Load shifting by applying intelligent TOD billing schedules. By Intelligent TOD measures, we mean that TOD zones can be distinct for different categories. The average demand of current summer as per available data is 94MU/day. In addition to that, Peak demand shifted to 22.00Hrs to 22.30Hrs from 19:30 Hrs -20:00Hrs. The load curve continues in the peak band till 01.00 Hrs of the next day. It is also observed that the HT/EHT consumption during the Zone -2 (18:00 – 22:00 Hrs.) is comparatively

## CONTENTS

**01** – *Page 6*

*തീജ്വാല*

**പീക്കേ, നീ കൂടരുതിപ്പോൾ**

*Er എൻ.ടി. ജോബ്*

**02** - *Page 10*

**അമ്മമാർ അത്ര ഞെളിയണ്ട (കാലത്തിനു മുമ്പേ)**

*ഡോ. സി. രാമചന്ദ്രൻ*

**03** - *Page 12*

**കഭി അൽവിദാ നാ കഹ് നാ........ (2)**

*ഡോ. തോമസ്സ്കുട്ടി മാത്യു*

**04** - *Page 13*

*കവിത*

**മഴവിൽ ഓർമ്മകൾ**

*Er മഹേഷ് ടി.*

**05** - *Page 14*

*ഗാനമാധുരി – 08*

**മെയ്ദിനവും വിപ്ലവവും സമര പുളക ഗാനങ്ങളും**

*Er പി.വി. പ്രമോദ്*

**06** - *Page 27*

*സുഭാഷിതം*

**പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നവർ....**

*Er കെ. ശശിധരൻ*

**08** - *Page 28*

*നാടുനന്നാകാൻ – 17*

**ഉപ്പുതിന്നുന്നവൻ വെള്ളം കുടിക്കണം**

*Er ഇ.എം. നസീർ*

**09** - *Page 30*

**Why we Get of Fended Easily**

*Er Thomas Kolanjikombil*

**11** - *Page 32*

**The Someone I Call Mine**

*Er Anil kumar G.*

**10** - *Page 32*

**Power of Deep Breathing**

*Er M. Anil*

very less but in off peak Zone -3 (22:00 – 06:00 Hrs), which commands a reduced tariff, they are consuming at an average of 28.5%. For EHT/HT Industrial consumers alone, average consumption for Zone 1- 55%, Zone 2- 14%, and Zone 3 -31% for the above Period. It is comprehended that the consumption of domestic and industrial came together at 22:00 Hrs, which contributes to the second system peak which is continuing till 01:00hrs of next day. For meeting this higher demand, KSEBL will have to go for high-cost real time market (RTM) purchase which may go upto to Rs.10/- per unit, possibly increasing the burden. A brief look at the above statistics indicates that the present time zones are not sufficient to reduce the peak demand. Zone -2 time need to be extended to 23:30Hrs from 22:00Hrs.

In addition to the existing time zones, one more time zone needs to be introduced to accommodate Day Peak between 05:00hrs to 11:00Hrs. The proposed reconstitution will thus create four time zones, as Zone 1 (05:00 -11:00Hrs), Zone 2 (11:00 – 18:00Hrs), Zone 3 (18:00 – 23:30Hrs), Zone 4 (23:30-05:00Hrs).

Another issue we face is the seasonal demand variation which affects the peak demand. Association has already urged the honourable KSERC to consider the proposal of "seasonal TOD" rates and to introduce TOD tariff for all consumers who are consuming more than 250 units per month. Consumers are expected to become more intelligent in managing their loads. The peak clipping can be achieved by introducing TOD billing for all customers irrespective of their load. We can also think of changing peak hours of

different categories of consumers to mitigate the ramp up curves. For example, the peak time zone of Industrial category consumers can be fixed from 19:00 hours to 23:00 hours, the peak time zone of Domestic category consumers can be fixed from 18:00 hours to 22:00 hours and the peak time zone of Agricultural consumers (at places where there is continuous water pumping – paddy fields) can be fixed from 17:00 hours to 24:00 hours. For the time being, to incorporate the software changes in ToD meters to add additional Time Zone, KSEBL must propose Season/Time of Day tariff structures and KSERC in the last tariff hearing has categorically said that they expect KSEBL to file proposals with substantiating data. Similar type of Tariff structures has already been approved by SERC of other states viz. Punjab, UP, West Bengal, Gujarat etc.

TOD tariff shall be extended to Pump houses of KWA and Electrical Vehicle Charging stations (LT X, HT VI), since most of the EVs are charged during peak period. TOD tariff shall be applied to Bulk Licensee so that DSM activities are implemented in all categories. Street light Energy charges shall be further increased (Now highly subsidized) so that Local bodies will be forced to install energy efficient lighting system in place of Sodium vapor lamp or MH lamp or Fluorescent Lamp. This will also help in clipping the peak demand.

Similarly, we need to look to change the time for calculation of Maximum Demand (MD) in these changed circumstances. At present, Recorded Maximum Demand (RMD) for a Time period for TOD meter is 30minutes/Cycle. Demand is a measure of average power consumption over a fixed time interval. At the end of each fixed window period, the average power for that period is calculated. The maximum demand depends on the load and the usage period. Some HT/EHT consumers such as Railway, Power Intensive Units draws more than Contracted Demand (CD) for shorter period and minimum demand for the balance period. So, the average will be less than CD, but actual drawl is more than CD. Hence KSEBL should positively think of changing the period of calculation of Maximum Demand as 15 minutes.

The modification in TOD time change, MD duration is very easy in Smart Meters and Prepaid Energy meters. If rightly implemented,Dynamic Pricing, Advanced metering, Demand Response etc can be easily done through Smart meters.

The phenomenon known as "Duck Curve" which indicates solar hours when we have maximum solar generation and thereby keeping the day demand low is slowly creeping into our system. Somewhat replicating the duck curve on February 12$^{th}$ of 2023, Maximum Demand during solar hours dropped to 2654 MW at 12:00 PM and gradually rose to 3594 at 6:15 PM. With increasing solar penetration, the belly of the duck curve will be going further down which will also create the issue of managing the peak. Engineers' Association urges the KSEBL management to propose enough innovations in our tariff structures with emphasis on varied pricing strategies on various class of consumers. KSEBL need to take these challenges of managing the future grid with appropriate business strategies.

## തീജ്വാല

# പീക്കേ,
# നീ കൂടരുതിപ്പോൾ...



**Er എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

**ഏ**പ്രിൽ മാസത്തിൽ കെ.എസ്.ഇ.ബി. അധികൃതർ നെഞ്ചത്ത് കൈവെച്ച് പ്രാർത്ഥിച്ച വാക്കുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഏപ്രിൽ മാസം 18–ാം തീയതി നമ്മുടെ പീക്ക് ഡിമാന്റ് അയ്യായിരം മെഗാവാട്ട് കടക്കുകയും പ്രതിദിന ഉപയോഗം പത്തുകോടി യൂണിറ്റിലേക്കെത്തുകയും ചെയ്ത സന്ദർഭമായിരുന്നു അത്. സാധാരണ വിഷുവിനോടനുബന്ധിച്ച് വേനൽമഴ തുടങ്ങാറുള്ളത് കുറച്ചു ദിവസങ്ങൾ മുന്നോട്ടുപോയപ്പോൾ കേരളത്തിലെ അന്തരീക്ഷ ഊഷ്മാവ് നാൽപ്പതു ഡിഗ്രിയും കടന്നു മുന്നോട്ടുപോയതാണ് പീക്ക് ഡിമാന്റ് ഉയരുവാനിടയാക്കിയത്. പ്രാർത്ഥനയുടെ ഫലം കൊണ്ടെന്നപോലെ രണ്ടു ദിവസത്തിനുള്ളിൽ വേനൽമഴ പലഭാഗങ്ങളിലായി കിട്ടിത്തുടങ്ങിയത് വലിയ ആശ്വാസമായി; ഡിമാന്റു കുറയുവാൻ തുടങ്ങി. കളമശ്ശേരി ലോഡ് ഡെസ്പാച്ചു സെന്ററിന്റെ നിയന്ത്രണങ്ങൾക്കുള്ളിലേക്ക് കാര്യങ്ങൾ എത്തി.

പുനലൂർ – മണ്ണുത്തി ഹൈ വോൾട്ടേജ് ഡി.സി. ലൈൻ കമ്മീഷൻ ചെയ്തതോടു കൂടി അന്തർ സംസ്ഥാന ലൈനുകളുടെ ആകെ കപ്പാസിറ്റി ആറായിരം മെഗാവാട്ടിലേയ്ക്കെത്തിയിട്ടും, പീക്ക് ഡിമാന്റ് അയ്യായിരത്തിലെത്തിയപ്പോഴേക്കും വെപ്രാളം തുടങ്ങുവാനുണ്ടായ കാരണമെന്തായിരിക്കുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മൂന്നു ഘടകങ്ങളാണ് ഇതിനു കാരണമായുണ്ടായിരുന്നത്. മണ്ണുത്തിലൈനിനു കപ്പാസിറ്റി രണ്ടായിരം മെഗാവാട്ടുണ്ടെങ്കിലും ലൈനിൽ നിന്നും പവർ എടുക്കുവാനുള്ള, പവർ ഗ്രിഡിന്റെ ബ്രഹ്മപുരം സബ് സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി അഞ്ഞൂറു എം.വി.എ. മാത്രമായിരുന്നു. ഇവിടെ വേണ്ട രണ്ടാമത്തെ ട്രാൻസ്ഫോർമറിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്, അതിന്റെ കമ്മീഷനിങ്ങോടുകൂടി, എടുക്കാവുന്ന ശേഷി ആയിരം മെഗാവാട്ടായി ഉയരും. അതോടുകൂടി പ്രതിസന്ധി ഒരുപരിധിവരെ മറികടക്കുവാൻ സാധിക്കുകയും ചെയ്യും. രണ്ടാമത്തെ കാരണമായി വരുന്നത് കോട്ടയത്തെ നാനൂറു കെ.വി. സബ്സ്റ്റേഷന്റെ കമ്മീഷനിംഗായിരുന്നു. അത് മാർച്ച് മാസത്തിലെങ്ങാനും കമ്മീഷൻ ചെയ്യുവാൻ സാധിച്ചിരുന്നുവെങ്കിൽ ഏപ്രിലിലെ പ്രതിസന്ധി അറിയാതെ പോകുമായിരുന്നു. ബ്രഹ്മപുരത്തും കോട്ടയത്തും കൂടി സംസ്ഥാനത്തിനു പുറത്തുനിന്നുള്ള വൈദ്യുതി എടുക്കാമായിരുന്നു എന്നതാണ് കാരണം. മൂന്നാമത്തേത് പ്രകൃതിയുടെ വികൃതിയാണ്. വിഷു കഴിഞ്ഞാൽ വേനൽമഴ പെയ്യണമെന്ന് തിട്ടൂരം നൽകിയിട്ടും പെയ്യാതെ മനുഷ്യനെ മെനക്കെടുത്തി കുറച്ചു ദിവസങ്ങൾക്കു ശേഷമാണ് പെയ്യുവാൻ തുടങ്ങിയത്. ഈ മൂന്നു കാരണങ്ങളും ഒന്നിനൊന്നു മെച്ചമായിരുന്നതുകൊണ്ടും വേനൽ മഴ കനിഞ്ഞരുളിയതുകൊണ്ടും പ്രതിസന്ധിയെ ആകാശത്തുവെച്ച് തന്നെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞു. പിന്നീട് പീക്ക് ഡിമാന്റ് വെച്ചടി വെച്ചടി താഴോട്ടുപോയി.

ഇങ്ങനെ തുമ്മിയാൽ തെറിക്കുന്ന മൂക്കിന്റെ അറ്റത്താണോ നമ്മൾ ഇരിക്കേണ്ടതെന്നുമാത്രമാണ് ചിന്തിക്കേണ്ടത്. കഴിഞ്ഞ ആറേഴു വർഷമായി സംസ്ഥാനത്തെ പീക്ക് ഡിമാന്റിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ വിലയിരുത്തുന്നത് നന്നായിരിക്കും. വേനൽ കടുപ്പത്തിലാകുന്ന മാസങ്ങളിലാണ് പീക്ക് ഡിമാന്റ് ഉയർന്നു മാറികൊണ്ടിരിക്കുന്നത്. ചില വർഷങ്ങളിൽ മാർച്ച് മാസത്തിലാണ് പീക്ക് ഡിമാന്റ് ഉയരുന്നതെങ്കിൽ ചില വർഷങ്ങളിൽ ഏപ്രിൽ മാസത്തിലാണുയരു ന്നത്. കോവിഡ് കയറിയിറങ്ങിയ ഇരുപത്, ഇരുപത്തിയൊന്നു വർഷങ്ങളിൽ പീക്ക് ഡിമാന്റ് കുറയുകയും ചെയ്തു. അതിനുശേഷം ഉയർന്ന് ഉയർന്ന്, ഇപ്പോൾ അയ്യായിരം മെഗാവാട്ടിലെത്തി. ഇനിയും അത് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയും ചെയ്യും.

| | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 |
|---|---|---|---|---|---|---|---|---|
| മാർച്ച് | 4016 | 3868 | 3950 | 3299 | 3181 | 3510 | 4704 | 4517 |
| ഏപ്രിൽ | 3939 | 3843 | 4155 | 3863 | 3203 | 3652 | 4189 | 5024 |
| മെയ് | 3496 | 3605 | 3744 | 3565 | 3075 | 3659 | 3989 | - |

| മാസം | 2006 | | 2011 | | 2016 | | 2023 | |
|---|---|---|---|---|---|---|---|---|
| | MU | MU | MW | MU | MW | MU | MW | MU |
| ഏപ്രിൽ | 2602 | 41.5 | 3032 | 52.4 | 4016 | 76.5 | 5024 | 102.99 |
| മെയ് | 2655 | 38.61 | 3,113 | 54.8 | 3,939 | 69.67 | 4596 | 93.86 |
| ജൂൺ | 2564 | 37.47 | 2874 | 48.1 | 3496 | 59.2 | - | - |

അഞ്ചുവർഷത്തെ ഇടവേളകളിലായി പരിശോധിച്ചാൽ രണ്ടായിരത്തി പതിനൊന്നിനു മുൻപ് അഞ്ച്വർഷം കൊണ്ട് പീക്ക് ഡിമാന്റിൽ അഞ്ഞൂറു മെഗാ വാട്ടാണ് ഉയർത്തിരുന്നതെങ്കിൽ, അതായത് ഓരോ വർഷവും നൂറു മെഗാ വാട്ടിന്റെ വർദ്ധനയാണുണ്ടായിരുന്നതെങ്കിൽ അത് പിന്നീട് ആയിരം മെഗാവാട്ടായും ഉയർത്തിരിക്കുന്നത് കാണാം. അതായത് ഓരോ വർഷവും പീക്ക് ഡിമാന്റിൽ മുൻ വർഷത്തെ അപേക്ഷിച്ച് ഇരുന്നൂറു മെഗാവാട്ടിന്റെ വർദ്ധനവ് ആണുണ്ടാകുന്നത്. ഇനി അത് മുന്നൂറു മെഗാവാട്ടിലേക്കും നാനൂറു മെഗാവാട്ടിലേക്കും വളന്നുകൊണ്ടേയിരിക്കും. അങ്ങനെ പോകുമ്പോൾ അതിനനുസരിച്ചുള്ള മാറ്റം നമ്മുടെ നെറ്റ്വർക്കിലും ഉണ്ടായേ തീരു. ഉല്പാദനത്തിലുണ്ടാകുന്ന വർദ്ധനയാണ് സംസ്ഥാനത്തിനു ഗുണകരമെങ്കിലും, അതിൽ കാര്യമായ വളർച്ച സമയബന്ധിതമായി ഉണ്ടാകാത്തതുകൊണ്ടാണ് സംസ്ഥാനത്തിനു പുറമെ നിന്നുള്ള വൈദ്യുതി കാര്യമായി ആശ്രയിക്കേണ്ടി വരുന്നത്, ഉപഭോക്താക്കളുടെ മേൽ അധികഭാരം ഏൽപ്പിക്കുന്നതിനും കാരണമായി തീരുന്നു. നമ്മുടെ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണാടകത്തിലുമുള്ള വൈദ്യുതിയുടെ അത്രയും ആവശ്യകത നമുക്ക് ഇല്ലാത്തതു കൊണ്ടു കൂടിയാണ് അല്പമെങ്കിലും പിടിച്ചു നിൽക്കുവാൻ കഴിയുന്നത്. നമ്മുടെയും അവരുടെയും പീക്ക് ഡിമാന്റുകൾ താരതമ്യം ചെയ്താൽ മനസ്സിലാക്കുവാൻ സാധിക്കും.

| സംസ്ഥാനം | 2023 | ജനസംഖ്യ കോടി | MW | MU | MW ഒരുകോടി ജനസംഖ്യ |
|---|---|---|---|---|---|
| കേരളം | മാർച്ച് | 3.469 | 4517 | 87.5 | 1302 |
| കർണാടകം | മാർച്ച് | 6.960 | 15,828 | 280.77 | 2274 |
| തമിഴ്നാട് | മാർച്ച് | 7.680 | 18,048 | 350.33 | 2,350 |

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യാവസായിക വൈദ്യുതി ഉപയോഗം കുറവായതുകൊണ്ടാണ് നമ്മുടെ ഡിമാന്റ് കുറഞ്ഞിരിക്കുന്നത്. വ്യാവസായിക വിപ്ലവങ്ങൾ നടക്കുന്നുണ്ടെന്നു പറഞ്ഞാലും കാര്യമായ വ്യവസായങ്ങൾ ഉണ്ടാകാത്തതുകൊണ്ടാണ്, ഇത്രയെങ്കിലും പിടിച്ചുനിൽക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലുള്ളതുപോലെ വ്യവസായങ്ങൾകൂടി ഉണ്ടായിരുന്നുവെങ്കിൽ നമ്മുടെ പീക്ക് ഡിമാന്റ് ഏഴായിരത്തി അഞ്ഞൂറ് മെഗാവാട്ടായെങ്കിലും ഉയരുമായിരുന്നു.

ഇത്തവണത്തെ പീക്ക് ഡിമാന്റ് ഉയന്നത് ചൂടുകൂടിയതുകൊണ്ട്, ഫാനുകളും എയർ കണ്ടീഷണറുകളും വളരെ കൂടുതലായി ഉപയോഗത്തിൽ വന്നതുകൊണ്ടാണ്. സാധാരണ പീക്ക് സമയം വൈകുന്നേരം ആറു മണി മുതൽ പത്തുമണിവരെയാണെങ്കിലും ഈ വർഷം പീക്ക് സമയമെന്നത് വൈകുന്നേരം ആറുമണി മുതൽ രാത്രി പതിനൊന്നരവരെയായിരുന്നു. ഇതുകാര്യമായി ലോഡ് ഡെസ്പാച്ചു സെന്ററിലെ മാനേജ്മെന്റിനെ ബാധിച്ചു. രാത്രി പത്തുമണിവരെ മാത്രം കരുതിയിരുന്ന വൈദ്യുതി അതിനുശേഷം പതിനൊന്നര വരെയും ആവശ്യം വന്നു. ഈ ഒരു വ്യത്യാസം കാര്യമായ സാങ്കേതിക പ്രശ്നങ്ങൾ തന്നെ ഉണ്ടാക്കുന്നതാണ്. കെ.എസ്.ഇ.ബി. സ്ഥാപിച്ചിരിക്കുന്ന ടി.ഒ.ഡി. മീറ്ററുകളിലെല്ലാം പീക്ക് സമയം പ്രോഗ്രാം ചെയ്തിരിക്കുന്നത് വൈകുന്നേരം ആറു മുതൽ പത്തുവരെയാണ്. അതിനുശേഷം ഉപയോഗിക്കുന്ന വൈദ്യുതിക്ക് പത്തുശതമാനം ഇൻസെന്റീവ് നൽകേണ്ടിവരും. പീക്ക് സമയത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധിക ചാർജ് ഈടാക്കുന്നത്, പത്തുമണിവരെ മാത്രമായതുകൊണ്ട്; അതിനുശേഷം പതിനൊന്നരവരെ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അധികചാർജ് കിട്ടുകയില്ലെന്നു മാത്രമല്ല ഇൻസന്റീവ് നൽകുകയും വേണം. ഇത് ഒരു കീറാമുട്ടിയായി പരിണമിക്കുവാനിടവരുകയും ഇതിനൊരു പരിഹാരം കാണേണ്ടത് അനിവാര്യവുമാണ്. ചെറിയ ഒരു സീസണിൽ മാത്രം പീക്ക് സമയത്തിൽമാറ്റം എങ്ങിനെ സാധ്യമാവുമെന്നുള്ളത് ചോദ്യചിഹ്നമാണ്. സ്മാർട്ട് മീറ്ററുകളായിരുന്നുവെങ്കിൽ ആ സീസണു മാത്രം പീക്ക് സമയം പുനഃക്രമീകരിക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ സ്മാർട്ട് മീറ്ററിന്റെ കാര്യം ഇപ്പോൾ അനിശ്ചിതത്വത്തിലായതുകൊണ്ട്, ഇത് എങ്ങിനെ നടപ്പിലാക്കുമെന്നുള്ളത് കണ്ടറിയാനേ സാധിക്കുകയുള്ളു.

ഡിമാന്റ് കൂടിക്കൊണ്ടിരിക്കുന്നതനുസരിച്ച് സംസ്ഥാനത്തിനകത്തുനിന്നുള്ള വൈദ്യുതി ഉല്പാദനം വളരെയധികം കൂട്ടിക്കൊണ്ടു വരേണ്ടിയിരിക്കുന്നു. കുറെ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും, അതെല്ലാം പ്രായോഗിക തലത്തിലെത്തിക്കുവാനുള്ള ആർജ്ജവം ഉണ്ടാകണമെന്നുള്ളതാണ് ആവശ്യം. പുതിയ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ഇടുക്കിയിലെ രണ്ടാം പദ്ധതിയാണ്. എണ്ണൂറ് മെഗാവാട്ടിന്റെ ഈ പദ്ധതി നടപ്പിലാക്കുവാനുള്ള ശക്തമായ നടപടികൾ സർക്കാർ തലത്തിൽ ഉണ്ടെന്നുള്ളത് നല്ലകാര്യമാണ്. ഈ പദ്ധതി നടപ്പിലാക്കുവാൻ അഞ്ചോ ആറോ വർഷമെടുക്കുമെന്നുള്ളതു കണക്കാക്കുമ്പോൾ ഈ പദ്ധതി യാഥാർത്ഥ്യമാവുമ്പോഴേക്കും ഡിമാന്റ് പിന്നെയും മുന്നോട്ട് പോയിട്ടുണ്ടാവും. ഇടുക്കിയിലെ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോഴെങ്കിലും ഭൂമിക്കടിയൽ നിർമ്മിക്കുന്ന പവർ ഹൗസിനുള്ളിൽ ഓയിൽ നിറച്ച ട്രാൻസ്ഫോർമറുകൾ ഒഴിവാക്കണമെന്നുള്ളത് അനിവാര്യമാണ്. ഇടുക്കിക്കു പിന്നാലെ മൂഴിയാർ പദ്ധതിയും ലക്ഷ്മി പദ്ധതിയും

നിരനിരയായി നിൽക്കുന്നുണ്ട്. ഇത്തരം പദ്ധതികൾ വേഗത്തിലാക്കുവാൻ പ്രത്യേക സംഘങ്ങളെ തന്നെ നിയോഗിക്കേണ്ടത് കാല ഘട്ടത്തിന്റെ ആവശ്യമാണ്, ഈ മൂന്നു പദ്ധതി കളിലും കൂടി ആയിരത്തിയഞ്ഞൂറു മെഗാവാട്ട് ലഭ്യമാകുമെന്നുള്ളത്, ഇതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. പരിസ്ഥിതി അനുമതിക്കായി പ്രത്യേക വിഭാഗം തന്നെ ഇതിനായി ഉണ്ടാക്കു കയാണെങ്കിൽ അതിൽ വേഗത കൈവരി ക്കുവാൻ സാധിക്കും.

ഇതിനൊക്കെയിടയിലാണ് റെഗുലേറ്ററി കമ്മീഷൻ നാനൂറ്റി അറുപത്തഞ്ചു മെഗാവാ ട്ടിന്റെ പവർ പർച്ചേസ് കരാറിനുള്ള അന്തിമാനു മതി നിഷേധിച്ചിരിക്കുന്നത്. ഇതിനനുസരിച്ച് കുഴപ്പംപിടിച്ച കരാറുകൾ റദ്ദാക്കിയെടുക്കുക യാണെങ്കിൽ വളരെ വലിയ സാമ്പത്തിക ലാഭമാണ് കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുക. ഈ വേനൽക്കാലത്ത് കുറച്ചു പവർ കൂടുതൽ വിലയ്ക്ക് വാങ്ങേണ്ടിവന്നാലും അതിനു ശേഷമുള്ള മഴക്കാലത്ത് പുതിയ ടെൻഡർ വിളിച്ച് കരാറുകൾ ഉണ്ടാക്കിയാൽ കുറഞ്ഞ വിലയ്ക്കു തന്നെ വൈദ്യുതി ലഭ്യമാകും. ഇന്ത്യയിലുള്ള ആകെ ഉല്പാദനം നാലേകാൽ ലക്ഷം മെഗാവാട്ടിൽ എത്തിനിൽക്കുകയും പീക്ക് ഡിമാന്റ് രണ്ടേകാൽ ലക്ഷം മെഗാവാട്ട് മാത്രം ആയിരിക്കുകയും ചെയ്യുമ്പോൾ രാജ്യത്ത് വൈദ്യുതി പ്രതിസന്ധി ഇല്ലാതായി ക്കൊണ്ടിരിക്കുകയാണെന്നു മനസ്സിലാക്കാ വുന്നതാണ്.

നമ്മുടെ സംസ്ഥാനത്തിനെ സംബന്ധിച്ച് പീക്ക് ഡിമാന്റ് കൂടുന്നതിനനുസരിച്ചുള്ള ആസൂത്രണവും പദ്ധതികളുടെ നടത്തിപ്പും സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമെ പിടിച്ചുനിൽക്കുവാൻ കഴിയുകയുള്ളു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടി രിക്കുന്ന പദ്ധതികൾ വേഗത്തിൽ കമ്മീഷൻ ചെയ്യുവാൻ സാധിച്ചെങ്കിൽ മാത്രമെ വൈദ്യു തിയുടെ കാര്യത്തിൽ പിടിച്ചു നിൽക്കുവാൻ കഴിയുകയുള്ളു.

✵



**Er T S Joy**
Chief Engineer (Rtd.)



**Er Jayaraj V**
Chief Engineer

*"Condolences & prayers for the departed souls."*



# അമ്മമാർ അത്ര ഞെളിയണ്ട

## (കാലത്തിനു മുമ്പേ)

**ഡോ. സി. രാമചന്ദ്രൻ**
*ഡെപ്യൂട്ടി ചീഫ് എൻജിനീയർ (റിട്ട.)*

**പ**ല മുതിർന്ന വീട്ടമ്മമാരും അവരുടെ പേരക്കുട്ടികളെക്കുറിച്ച് പേൺമക്കളോടു പറയാറുണ്ട്....നിനക്ക് പത്തുപതിനഞ്ച് വയസ്സുള്ളപ്പോഴുള്ള അറിവ് നിന്റെ ഈ ആറുവയസ്സുകാരി മകൾക്കുണ്ട്.

ഇതു കേട്ട് പല അഛനമ്മമാരും അഭിമാനിയ്ക്കാറുണ്ട്, മക്കളുടെ അസാധാരണ ബുദ്ധിശക്തിയും കാര്യക്ഷമതയും ഓർത്ത്. പലരും ശ്രദ്ധിച്ചിട്ടില്ലാത്ത ഒരു സമയപരിമാണ ശാസ്ത്രം ഇതിനെല്ലാം ഉപോൽബലകമായി ആചാര്യന്മാരും പഴയകാല ഗണിതശാസ്ത്രജ്ഞന്മാരും കണ്ടെത്തിയിട്ടുണ്ട്.ഇത് പലർക്കും അിറയില്ല.അറിയാൻ ശ്രമിക്കാറുമില്ല.മിക്കവരും തങ്ങളുടെ ബുദ്ധിശക്തിയും കാര്യക്ഷമതയും മാത്രമാണ് കാരണമെന്ന് ധരിയ്ക്കാറുമുണ്ട്.

സൂര്യനു ചുറ്റും പ്രത്യേക സഞ്ചാര പഥങ്ങളിൽ നിശ്ചിത വേഗതകളിൽ ആകർഷണ ശക്തിയുടെ പരിധിയ്ക്കുള്ളിൽ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ചുറ്റിത്തിരിയുന്നു. അവയെല്ലാം ആപേക്ഷികമായ വ്യത്യസ്ത സ്ഥാനങ്ങളിൽ ഓരോ നിമിഷവും മാറി മാറി വരുന്നു.എന്നാലും ഇവയുടെ നിയന്ത്രിതമായ പരസ്പര ആകർഷണബലം കൊണ്ട് ഈ സംവിധാനത്തിന്റെ equilibrium (സമതുലനം എന്നു പറയാം) നില നിന്നു വരുന്നു. വ്യത്യസ്തമായ മാസ്സും (ദ്രവ്യം) ആകർഷണബലവും ഉള്ള ഇവയുടെ ആപേക്ഷിക സ്ഥാനം മാറുന്നതനുസരിച്ച് പലപ്പോഴും ഇക്വിലിബ്രിയത്തിന് ഉലച്ചിലുകൾ ഉണ്ടാകാറുണ്ട്. അപ്പോഴാണ് സുനാമിയും മറ്റും പോലുള്ള പ്രതിഭാസങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടിവരുന്നത്. ഏറ്റവും മാസ് കൂടുതലുള്ള ഗ്രഹങ്ങൾ സൂര്യന്റെ ഒരു വശത്തായി സാമാന്യേന ഒരു നേർരേഖയിൽ വരുമ്പോഴാണ് ഈ താളം തെറ്റൽ രൂക്ഷമാകുന്നത്. ഇതിനെ ജ്യോതിഷത്തിലും ജ്യോതിശാസ്ത്രത്തിലും യോഗങ്ങൾ എന്നു പറയുന്നു. അവയിൽ ശനി, ഗുരു (വ്യാഴം), ചൊവ്വ തുടങ്ങിയ ഗ്രഹങ്ങളെക്കൊണ്ടാണ് അപകടകരമായ വസുന്ധരാ യോഗവും മറ്റും പ്രവചിക്കുന്നത്. ഈ ഗ്രഹങ്ങളെല്ലാം കൂടി കോടാനുകോടി വർഷത്തിലൊരിയ്ക്കൽ സൂര്യന്റെ ഒരു ഭാഗത്ത് സാമാന്യേന ഒരു നേർരേഖയിൽ വരുമ്പോൾ ഈ പ്രപഞ്ചത്തിന്റ താളം അപ്പാടെ തെറ്റുന്നു, സർവതും നശിക്കുന്നു, പ്രപഞ്ചത്തിനു ഭ്രാന്തു പിടിച്ചതുപോലെയാകുന്നു. അന്ന് നോഹ അവശേഷിക്കുന്ന സർവതിനേയും തന്റെ പെട്ടിയിലാക്കി രക്ഷപ്പെടുത്തുന്നുവെന്ന പ്രഖ്യാതമായ അവസ്ഥാവിശേഷം ഉണ്ടാകും എന്നു വിശ്വസിക്കപ്പെടുന്നു.

അന്നാണ് ഒരു യുഗം അവസാനിച്ചു എന്നു പറയുന്നത്. ഇത് ഏറ്റവും ഒടുവിൽ സംഭവിച്ചത് ബി.സി.3102 ലാണ് എന്ന് ഗണിതശാസ്ത്രജ്ഞന്മാർ അസ്ട്രോണമിക്കൽ

റിവേഴ്സ് കണക്കുകൂട്ടലിൽക്കൂടി കണ്ടെത്തിയിരിയിരിക്കുന്നത്. അന്നാണ് ഇന്നു നാം ജീവിക്കുന്ന കലിയുഗം തുടങ്ങിയത്.

ഇങ്ങനെ അതിനു മുമ്പ് സംഭവിച്ചപ്പോഴാണ് കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം തുടങ്ങിയവയുടെയെല്ലാം ഉത്ഭവം. ഈ യുഗങ്ങളുടെയെല്ലാം കാലദൈർഘ്യത്തിനും മറ്റും ആപേക്ഷികമായി മനുഷ്യന്റെ പരമായുസ്സും ഓരോ യുഗത്തിലും കണക്കാക്കിയിട്ടുണ്ട്.

നൃണാം ആയു സഹസ്രം കലിയുഗസമയേ,
തദ്ദ്വേ,തസ്യചാർദ്ധം ത്രേതായാം,
ദ്വാപരായാം കലിയുഗ ഉദിതസ്യാൽ
സഹസ്രാഷ്ടഭാഗ എന്നാണ് പ്രമാണം.

അതായത് കൃതയുഗത്തിൽ ആയിരം വർഷം, ത്രേതായുഗത്തിൽ അഞ്ഞൂറു വർഷം,ദ്വാപരയുഗത്തിൽ ഇരുനൂറ്റമ്പത് വര്ഷം,കലിയുഗത്തിൽ നൂറ്റിരുപത്തഞ്ചു വർഷം എന്ന നിരക്കിലാണ് മനുഷ്യായുസ്സ് എന്നു സാരം. അതിനാൽ ബാല്യ കൗമാര യൗവന വാർദ്ധക്യാദി അവസ്ഥകളും കർമ്മങ്ങളുമെല്ലാം ഈ സമയക്രമമനുസരിച്ച് പൂർത്തീകരിക്കണമല്ലോ. തന്മൂലം സ്വാഭാവികമായും ഓരോ പ്രവൃത്തിയുടേയും വേഗത കൂടിക്കൊണ്ടിരിക്കും. അവ കാലം മുന്നോട്ടു പോകുന്തോറും ഇനിയും കൂടിയേക്കാം. ഇതു തന്നെ ആകാം ഒരു പക്ഷേ സമയം വേഗം പോകുന്നു എന്ന നമ്മുടെയെല്ലാം അനുഭവത്തിനും സാമാന്യമായ നിർദ്ദോഷ കമന്റുകൾക്കും ആധാരം. സമയം എന്ന പ്രഹേളികയെക്കുറിച്ച് നമുക്കു മനസ്സിലാക്കാൻ കഴിയുന്ന രീതിയിൽ ആധുനിക കാലത്ത് ഒരു സങ്കൽപ്പ യാഥാർത്ഥ്യമിശ്രണം ആദ്യമായി ഉരുക്കഴിച്ചത് ആൽബർട്ട് ഐൻസ്റ്റീൻ ആണല്ലോ.

ഈ പ്രതിഭാസം മനുഷ്യന്റെ ധർമ്മബോധത്തെയും ആഗ്രഹങ്ങളെയും പിടിച്ചടക്കാനുള്ള വ്യഗ്രതകളെയും ഒക്കെ ഒരു പക്ഷേ പരോക്ഷമായി ബാധിച്ചേക്കാം. വർദ്ധിച്ചു വരുന്ന ക്രിമിനൽ വാസനകൾ, ശരി തെറ്റുകളെക്കുറിച്ചുള്ള പൊതു സമവാക്യങ്ങൾ എല്ലാം മാറിമറിഞ്ഞുകൊണ്ടിരിക്കയാണല്ലോ. ഇത് പൂർണ്ണമായി മനസ്സിലാക്കിവേണം അഛനമ്മമാർ കുഞ്ഞുങ്ങളെക്കുറിച്ചു പ്രതീക്ഷകൾ വയ്ക്കാനും അവരെ മുന്നോട്ടു നയിക്കാനും അവരെ ഓർത്തു ഊറ്റം കൊള്ളാനും.

✵

## Letters to the Editor

## കത്തുകൾ അയക്കേണ്ട വിലാസം




The Chief Editor
**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

# കഭി അൽവിദാ നാ കഹ്നാ...(2)



*Dr. Thomaskutty Mathew* Ph.D., D.Sc.
*Deputy Chief Engineer (Rtd.)*

**പ്ര**ഭാതം പൊട്ടിവിടരുന്നതേയുള്ളൂ. തുമ്പച്ചി മലയും നാടുകാണിയും വ്യക്തമാകുവാൻ വേണ്ടത്ര പ്രകാശം ഇനിയും എത്തിയിട്ടില്ല.

മറ്റു കോലാഹലങ്ങളിൽ നിന്നെല്ലാം അകന്നുമാറി ഇവിടെ മലമുകളിൽ ചെത്തി നിരപ്പാക്കിയിട്ടിരിക്കുന്ന ഹെലിപ്പാട്; എത്രയോ പ്രാവശ്യം ആതിഥ്യമരുളിയ പ്രിയപ്പെട്ട സർക്യൂട്ട് ഹൗസ്; സായാഹ്നവേളകളിൽ സായൂജ്യമേകിയ ഉദ്യാനവും സ്വച്ഛന്ദ സുന്ദരമായ പരിസരങ്ങളും; എല്ലാം ഈ പ്രഭാതം മുതൽ അന്യമാവുകയാണോ?

രാവേറെ ആകുന്നതുവരെ സുഹൃത്തുക്കളോട് ഒറ്റയ്ക്കും കൂട്ടമായും വിടപറയുമ്പോൾ ഉണ്ടായിരുന്ന നിയന്ത്രണമെല്ലാം കൈവിട്ടു പോകുന്നതുപോലെ.

കണ്വാശ്രമത്തിൽ നിന്ന് വിടചൊല്ലിപ്പിരിയുന്ന ശകുന്തളയോടെന്നപോലെ, തരുലതാദികൾ അഹമഹമികയാ കൊമ്പുകളും ചില്ലകളും ഇലകളും പ്രത്യേകം പ്രത്യേകം ഉയർത്തിക്കാട്ടി, മർമ്മരങ്ങളുണർത്തി, അജ്ഞാതമായ ആവൃത്തിയിലും അസ്പഷ്ടമായ ഭാഷയിലും മനസ്സിന്റെ ഉള്ളിൽ നിന്ന് ശുഭയാത്ര നേർന്നു.

ഹെലിപ്പാഡിനെ ചുറ്റുന്ന പാതവക്കിൽ ക്രമമായി വിന്യസിപ്പിച്ച് പൊക്കം കുറഞ്ഞ് കറുപ്പും വെളുപ്പും വളയങ്ങൾ മാറിമാറി നിറം പകർന്ന വിളക്കുകാലുകളുടെ മുകളിലുറപ്പിച്ച രൂപഭംഗിയേറിയ താഴികക്കുടങ്ങളിലെ ആലക്തിക ദീപങ്ങളുടെ നീല വെളിച്ചത്തിൽ മൂടൽ മഞ്ഞിന്റെ നേർത്ത പാളികൾ ധവളിമയാർന്നു നിൽക്കെ,

ചത്ത പാമ്പിനെപ്പോലെ വളഞ്ഞു പുളഞ്ഞ് നിശ്ചലമായിക്കിടക്കുന്ന കോളനി റോഡിന്റെ ആദ്യവളവുകളിൽ വളർന്നു പൊങ്ങിയ ചൂളമരങ്ങളുടെ ഉയർന്ന ശിഖരങ്ങളിൽ ജനുവരിക്കാറ്റിന്റെ ആന്ദോളനങ്ങൾ ഉരുവാക്കിയ ഓംകാര നാദത്തിലെ ഗഹനമായ വേദാന്തതയിൽ തമസിയുടെ മന്ത്രധ്വനികൾ ഉയർന്നുനിൽക്കെ,

അടുക്കിവച്ച ചുള്ളിക്കെട്ടുകളിൽനിന്ന് ഒതുക്കമില്ലാതെ തെറിച്ചു നിൽക്കുന്ന കമ്പുകൾ പോലെ, വിടർന്നു പന്തലിച്ച ചെമ്പകമരങ്ങളിൽ ഇല മുഴുവൻ കൊഴിഞ്ഞ കൊമ്പുകൾ മൃദുലമാംസളമായ ഇതളുകൾ വിന്യസിപ്പിച്ച് വിരിയിച്ച പാൽവെണ്ണ പൂക്കൾ, താലപ്പൊലിയും പുഷ്പവൃഷ്ടിയും ഒരുക്കി നിൽക്കെ, ബ്രാഹ്മമുഹൂർത്തത്തിൽ നിത്യേന ഉണരുന്ന നേർത്ത നിറമുള്ള ആയിരമായിരം പ്രഭാത കാന്തിപ്പൂക്കളുടെ ഇരുണ്ട അകക്കണ്ണുകൾ ഈറനണിഞ്ഞു നിൽക്കെ, മാതളമലരുകളും മാമ്പൂക്കളും മന്ദാരങ്ങളും ലക്ഷോപലക്ഷം മറ്റു വൈവിധ്യമാർന്ന പുഷ്പങ്ങളും വാരി വിതറിയ സൗരഭ്യ സാഗരത്തിൽ ഭൗമാന്തരീക്ഷം സാന്ദ്രമായി നിൽക്കെ, വിവിധ വർണ്ണങ്ങളിൽ വിടരാൻ വിതുമ്പുന്ന പനിനീർ പൂക്കളുടെ ഇതളുകൾ തുഷാരബിന്ദുക്കൾ അണിഞ്ഞു നിൽക്കെ, മുൻപ് പല പ്രാവശ്യം ശ്രവിച്ചപ്പോഴും അർത്ഥമില്ലെന്നു പുച്ഛിച്ചു തള്ളിയ കാവ്യശകലങ്ങൾ പുതിയ മാനങ്ങളിൽ, ഉത്തരമില്ലാത്ത ഒരു ചോദ്യമായി, ശോകച്ഛവിയുടെ പശ്ചാത്തലത്തിൽ, അവ്യതയ്ക്ക് അടിവരയിട്ടുകൊണ്ട്, അന്തരംഗങ്ങളിൽ ആലാപനം ചെയ്യപ്പെട്ടപ്പോൾ ആവർത്തന വിരസത തീരെയില്ലായിരുന്നു:

'തുഷാരബിന്ദുക്കളേ, നിങ്ങൾ എന്തിനു വെറുതെ ചെമ്പനീരലരിൽ വിഷാദകാവ്യങ്ങളെഴുതി..'

*(Dedicating to retiring engineers, worked at Moolamattom.)*

കവിത

# മഴവിൽ ഓർമ്മകൾ



*Er* **മഹേഷ് ടി.**
*അസിസ്റ്റന്റ് എഞ്ചിനീയർ*

**മാ**സങ്ങൾ കഴിഞ്ഞെന്നോ
മാനം തെളിഞ്ഞെന്നോ
മഴവില്ല് മറഞ്ഞെന്നോ
മനസെന്തേ അറിഞ്ഞില്ല ... അറിഞ്ഞതില്ല !

മറക്കാതെ ഒരു നാളും
മധുരക്കിനാവിൽ വന്ന്
മണിമുത്തുകൾ മൊഴിഞ്ഞതും
മറന്നുവോ നീ സഖീ

മാനത്തേ തേരിലേറി
മന്മദന്റെ ബാണമേറ്റു
മന്ദാര പൂമെത്തേൽ
മന്ദമാരുതനേറ്റു രമിച്ചതും കിനാവോ!

മണിച്ചിത്ര പൂട്ടിനുള്ളിൽ
മനസ്സിന്റെ ചെപ്പിനുള്ളിൽ
മോഹങ്ങൾ സൂക്ഷിച്ചു
മാണിക്യമായതും മറന്നു വോ നീ !

മറന്നുവോ ആ രാത്രി
മഴ പെയ്യും നേരത്തായി
മറ്റാരും കാണാതെ
മണിച്ചിത്ര പൂട്ട് തുറന്നതും നിനക്കുവേണ്ടി?....

മനസ്സേ നീ മാറിയെന്നോ
മാനസത്തേ കാണില്ലെന്നോ..
മന്ത്രകോടി ചൂടില്ലെന്നോ ...
മധുര കിനാവിൽ പോലും നിനച്ചതില്ലാ... ഞാൻ
നിനച്ചതില്ലാ...

മോഹങ്ങൾ തച്ചുടച്ചു
മിണ്ടാതെ പോയപ്പോൾ
മോഹന ചെപ്പിലിപ്പോൾ
മനസ്സു മാത്രം മനസ്സു മാത്രം
മറക്കാത്ത ഓർമ്മകൾ മാത്രം !

ഗാനമാധുരി - 09

# മെയ്ദിനവും വിപ്ലവവും സമരപുളക ഗാനങ്ങളും



*Er പി.വി. പ്രമോദ്*
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

**തൊ**ഴിലാളി വർഗ്ഗ മുന്നേറ്റത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയ ദിനമാണ് മെയ് ഒന്ന്. തൊഴിലാളികളുടെ സമരങ്ങളുടെ ത്യാഗത്തിന്റെയും സഹനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയുമെല്ലാം ജ്വലിക്കുന്ന ചരിത്രം മെയ്ദിനം രേഖപ്പെടുത്തുന്നു. മെയ് 1 ലോക തൊഴിലാളി ദിനമായി ആചരിക്കുന്നതിന്റെ പിറകിൽ സംഭവപരമ്പരകളുടെ നീണ്ട കഥകളും അധ്യായങ്ങളുമുണ്ട്.

### 1. പശ്ചാത്തലം

ലോകത്തിൽ വലിയ രീതിയിലുള്ള വ്യാവസായിക മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ച കാലഘട്ടമായിരുന്നു 18, 19 നൂറ്റാണ്ടുകൾ . വ്യവസായ വിപ്ലവം എന്നറിയപ്പെട്ട ഈയൊരു പ്രക്രിയയിലൂടെ വ്യാവസായിക ഉൽപാദനം, കൃഷി, ഗതാഗതം തുടങ്ങിയ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കപ്പെട്ടു. ആദ്യഘട്ടത്തിൽ യൂറോപ്പിലും വടക്കെ അമേരിക്കയിലും സാക്ഷ്യം വഹിച്ച വ്യവസായ വിപ്ലവത്തിന്റെ അനുരണനങ്ങൾ ലോകമെമ്പാടും വ്യാപിച്ചു.

വ്യവസായ വിപ്ലവം ഒരു ഭാഗത്ത് മനുഷ്യരാശിക്ക് പുരോഗതി സംഭാവന ചെയ്തപ്പോൾ അതിനൊരു മറുവശവുമുണ്ടായിരുന്നു. പുതിയതായി ഉയർന്നുവന്ന മുതലാളി വിഭാഗം തൊഴിലാളികളെ ചൂഷണം ചെയ്ത് തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ചെറിയ വേതനം നൽകി പുരുഷൻമാരും സ്ത്രീകളും കുട്ടികളുമടങ്ങിയ തൊഴിലാളികളെ കൂടുതൽ സമയം ജോലി ചെയ്യിക്കുന്നത് പതിവായിരുന്നു. 12 മുതൽ 16 മണിക്കൂർ വരെ ജോലി ചെയ്യേണ്ട അവസ്ഥ പലയിടങ്ങളിലുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ മതിയായ വേതനം, തൊഴിൽ സുരക്ഷിതത്വം, സംഘടനാസ്വാതന്ത്ര്യം, ബാലവേല നിർത്തൽ എന്നീ ആവശ്യങ്ങൾ ഉയർന്നുവന്നു. കൂടാതെ 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം എന്ന മുദ്രവാക്യവും ഇതിന്റെ ഭാഗമായി ഉയർന്നു വരികയുണ്ടായി. വേതനത്തോടൊപ്പം തൊഴിൽ സമയവും അവകാശമായി ഉന്നയിക്കപ്പെട്ടത് തൊഴിലാളികളുടെ ചരിത്രത്തിലെ പുതിയ ഒരേടായി മാറി.

### 2. തൊഴിലാളി സംഘടനകളുടെ ഉദയം

തൊഴിൽ സ്ഥലത്തെ പ്രശ്നങ്ങളുടെയും ചൂഷണങ്ങളുടെയും ഫലമായി വടക്കെ അമേരിക്കയിലെയും യൂറോപ്പിലെയും പല രാജ്യങ്ങളിലും തൊഴിലാളി സംഘടനകൾ ഉദയംചെയ്തു. 1827ൽ ഫിലാഡൽഫിയയിലെ കെട്ടിട നിർമ്മാണത്തൊഴിലാളികൾ ജോലി സമയം 10 മണിക്കൂറായി കുറച്ചു കിട്ടുന്നതിന് പണിമുടക്കു നടത്തി. ഈയൊരു സമരവുമായി ബന്ധപ്പെട്ട് രൂപീകൃതമായതാണ് ആദ്യ ട്രേഡ് യൂണിയൻ എന്നറിയപ്പെടുന്ന ഫിലാഡൽഫിയ മെക്കാനിക്ക്സ് യൂണിയൻ. തുടർന്ന് അമേരിക്കയിലെ ബാർട്ടിമൂർ, ഫിലാഡൽഫിയ, ന്യൂയോർക്ക്, ന്യൂ ഹാംഷെയർ, റോസ് ഐലൻറ്, കാലിഫോർണിയ, ഇല്ലിനോയ്സ്, ചിക്കാഗോ മസാച്ചുസെറ്റ്സ് തുടങ്ങിയ നഗരങ്ങളിൽ തൊഴിലാളി സംഘടനകൾ വളർന്നു വന്നു. അനന്തരം വടക്കെ അമേരിക്കയിലെ വിവിധ നഗരങ്ങളിലെ തൊഴിലാളി യൂണിയ

നുകൾ ചേർന്ന് സെൻട്രൽ ലേബർ യൂണിയൻ രൂപീകരിക്കപ്പെട്ടു.

**3. മെയ് 1 ലെ പണിമുടക്ക്**

തൊഴിൽ ചൂഷണങ്ങൾക്കെതിരെ സെൻട്രൽ ലേബർ യൂണിയനും സാമൂഹ്യ പ്രവർത്തകരും ചേർന്ന് 1886 മെയ് ഒന്നിന് ചിക്കാഗോയിൽ പണിമുടക്ക് നടത്താൻ തീരുമാനിച്ചു. മെയ് ഒന്നിന് നടന്ന പണിമുടക്കിൽ മുപ്പത്തയ്യായിരം തൊഴിലാളികൾ പങ്കെടുത്തു. ആയിരക്കണക്കിന് വ്യവസായ ശാലകൾ നിശ്ചലമായി. സമരവും അനുബന്ധ റാലികളും തൊഴിലാളികളിൽ ആവേശം നിറച്ചു. എന്നാൽ മറുഭാഗത്ത് തൊഴിലുടമകളിൽ ഇത് ശക്തമായ പ്രതികാര ചിന്ത ഉടലെടുക്കാൻ കാരണമായി. മുതലാളിമാരും ഭരണകൂടവും നിഷ്ഠൂരമായ രീതിയിൽ പണിമുടക്കിനെ നേരിട്ടു തുടങ്ങി.

മെയ് 2 ന് ചിക്കാഗോ നഗരപ്രാന്തത്തിലെ ഒരു വ്യവസായശാലയിൽ ജോലിസമയം 8 മണിക്കൂറാക്കാനുള്ള സമരം നടന്നു. ഫാക്ടറിയുടമ ലോക്കൗട്ട് പ്രഖ്യാപിച്ചതോടെ ജോലി നഷ്ടപ്പെട്ട തൊഴിലാളികൾ കമ്പനിക്ക് മുമ്പിൽ തടിച്ചുകൂടി. ഇവരെ അഭിസംബോധന ചെയ്ത് അഗസ്റ്റസ് സ്പൈസ് എന്ന തൊഴിലാളി നേതാവ് സംസാരിക്കുന്നതിനിടയിൽ തൊഴിലാളികളും പോലീസും തമ്മിൽ ഏറ്റുമുട്ടലുണ്ടായി. ഇത് അവസാനം വെടിവെപ്പിൽ കലാശിക്കുകയും നാല് തൊഴിലാളികൾ ദാരുണമായി കൊല്ലപ്പെടുകയും ചെയ്തു. ചോരവീണ മണ്ണിൽ നിന്നുകൊണ്ടുതന്നെ അഗസ്റ്റസ് സ്പൈസ് പ്രതിഷേധിക്കാനുള്ള ആഹ്വാനം തൊഴിലാളികൾക്കുനൽകി.

**4. ഹേ മാർക്കറ്റിലെ പ്രതിഷേധം**

നാലു തൊഴിലാളികൾ മരിച്ച വെടിവെപ്പിനെതിരെ പ്രതിഷേധിക്കാൻ മെയ് 4 ന് ചിക്കാഗോയിലെ ഹേ മാർക്കറ്റ് സ്ക്വയറിൽ തൊഴിലാളികളും അവരെ പിന്തുണക്കുന്നവരും ഒത്തുകൂടി. ഈ യോഗത്തിന് ഏകദേശം മൂവായിരം ആളുകൾ മാത്രമേ എത്തിയിരുന്നുള്ളു. യൂണിയൻ നേതാക്കളായ അഗസ്റ്റസ് സ്പൈസ്, ആൽബർട്ട് പാർസൺ എന്നിവർ യോഗത്തെ അഭിസംബോധന ചെയ്ത ശേഷം തിരിച്ചുപോയി. ഒടുവിൽ ഇരുനൂറോളം തൊഴിലാളികൾ മാത്രം സക്വയറിൽ ബാക്കിയായി. ഇവരോട് സാമുവൽ ഫീൽഡൻ എന്ന തൊഴിലാളി നേതാവ് പ്രസംഗിച്ചു കൊണ്ടിരിക്കെ ക്യാപ്റ്റൻ ജോൺ ബോൺ ഫീൽഡ് എന്ന പോലീസ് ഓഫീസറുടെ നേതൃത്വത്തിൽ സായുധ പോലീസ് സേന യോഗസ്ഥലത്തേക്ക് ഇരച്ചുകയറി പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടു. ഇതേ സമയം യോഗസ്ഥലത്തേക്ക് അജ്ഞാതൻ ബോംബ് എറിയുകയും ഒരു പോലീസ് ഓഫീസർ കൊല്ലപ്പെടുകയും ചെയ്തു. തുടർന്ന് കനത്ത പോലീസ് വെടിവെപ്പ് നടന്നു. ബഹളത്തിനും പ്രതിഷേധങ്ങൾക്കും ഇടയിൽ ഏഴ് പോലീസുകാർ കൊല്ലപ്പെടുകയും അറുപതോളം പോലീസുകാർക്ക് പരിക്കേൽക്കുകയും ചെയ്തു. നിരവധി തൊഴിലാളികൾ കൊല്ലപ്പെടുകയും വളരെപ്പേർക്ക് പരിക്കുപറ്റുകയും ചെയ്തു.

**5. വിചാരണയും ശിക്ഷയും മാപ്പും**

ബോംബെറിഞ്ഞയാൾ ആരാണെന്ന് പോലീസിന് കണ്ടെത്താനായില്ല. പോലീസുകാർ മരിച്ചത് വെടിയേറ്റാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. പത്രങ്ങൾ പോലീസിനെ പിന്താങ്ങുന്ന സമീപനമായിരുന്നു സ്വീകരിച്ചത്. സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ എട്ടു പേർ അറസ്റ്റ് ചെയ്യപ്പെട്ടു.ഇവരിൽ ആൽബർട്ട് പാർസൻ, അഗസ്റ്റസ് സ്പൈസ്, സാമുവൽ ഫിൽഡൻ, അഡോൾഫ് ഫിഷർ, മിഖായേൽ ഷ്വാബ്, ജോർജ് എംഗൽ എന്നീ ആറു പേരായിരുന്നു തൊഴിലാളി നേതാക്കൾ. അറസ്റ്റ് ചെയ്യപ്പെട്ട മറ്റു രണ്ടു പേർ യാഥാസ്ഥിതികനായ ഓസ്കർ നീബും തീവ്രപുരോഗമനവാദിയായ ലൂയി ലിംഗുമായിരുന്നു. ഇവരിൽ സാമുവൽ ഫീൽഡൻ ഒഴികെ മറ്റാരും സംഭവ

സ്ഥലത്തുണ്ടായിരുന്നില്ല എന്നതായിരുന്നു യാഥാർത്ഥ്യം.

കേസിന്റെ വിചാരണ ചിക്കാഗോ കോടതിയിൽ നടന്നു. വളരെ തിരക്കിട്ട് വെറും മൂന്നുമാസംകൊണ്ട് പൂർത്തിയാക്കിയ വിചാരണയുടെ അവസാനം എട്ടുപേരും കുറ്റക്കാരാണെന്ന് ജഡ്ജിയായ ജോസഫ് ഗാരി വിധിച്ചു. തൊഴിലാളികളെ സമരത്തിന് പ്രേരിപ്പിച്ചു എന്ന കുറ്റവും കൂടി ചുമത്തപ്പെട്ടു. ഇതിൽ ഏഴ് പേരെ തൂക്കി കൊല്ലാനും യുവാവായ ഓസ്കർ നിബിനെ 15 വർഷം തടവിനുമായിരുന്നു ശിക്ഷിച്ചത്. ശിക്ഷാവിധി കേട്ട അഗസ്റ്റസ് സ്പൈസ് കോടതിയിൽ വച്ച് പ്രതികരിച്ചതിങ്ങനെയായിരുന്നു. 'ഞങ്ങളെ തൂക്കിലേറ്റുന്നതോടെ ഈ പ്രസ്ഥാനത്തെ അടിച്ചമർത്താമെന്ന് കരുതേണ്ട. ഞങ്ങളിവിടെ ഒരു തീപ്പൊരി ഇടും; ആ തീപ്പൊരി ആളിപ്പടരും. അത് നിങ്ങൾക്ക് ഒരിക്കലും കെടുത്താനാവാത്ത തീയായി മാറും.

1886 നവംബർ 11 ആയിരുന്നു വധശിക്ഷ നടപ്പാക്കേണ്ട ദിനം. തലേ ദിവസമായ നവംബർ 10ന് ഗവർണർക്ക് ഒരു ദയാഹർജി സമർപ്പിക്കപ്പെട്ടു. ഇതുപ്രകാരം സാമുവൽ ഫീൽഡൻ, മൈക്കൽ സ്വാബ് എന്നീ രണ്ടു പേരുടെ വധശിക്ഷ ഗവർണർ ഒഗ്ളേസ്ബി റദ്ദുചെയ്ത് ജീവപര്യന്തമാക്കി. എന്നാൽ ഇതേ ദിവസം ലൂയി ലിംഗ് ജയിലിൽ ആത്മഹത്യ ചെയ്തു. തന്നെ വധിക്കാൻ ഭരണകൂടത്തെ അനുവദിക്കില്ലെന്ന് അവിവാഹിതൻ കൂടിയായ ഇദ്ദേഹം പ്രഖ്യാപിച്ചിരുന്നു. നവമ്പർ 11 ന് അഗസ്റ്റസ് സ്പൈസ്, ആൽബർട്ട് പാർസൻ, അഡോൾഫ് ഫിഷർ, ജോർജ് എംഗൽ എന്നീ നാലു പേരെ തൂക്കിലേറ്റിക്കൊണ്ട് വധശിക്ഷ നടപ്പാക്കി.

ജയിലിൽ കഴിഞ്ഞിരുന്ന അവശേഷിക്കുന്ന മൂന്നു പ്രതികളായ സാമുവൽ ഫിൽഡൻ, മിഖായേൽ ഷ്വാബ്, ഓസ്ക്കർ നീബ് എന്നിവരെ 1893 ൽ ഇല്ലിനോയിസ് ഗവർണറായ ജോൺ പീറ്റർ ആൽജഡ് മാപ്പു നൽകി മോചിതരാക്കി. തൂക്കിലേറ്റപ്പെട്ട രക്തസാക്ഷികൾക്കും മാപ്പു നൽകുന്നതായി പിന്നീട് പ്രഖ്യാപിക്കപ്പെട്ടു. വിചാരണ കുറ്റമറ്റതായിരുന്നില്ല എന്നതായിരുന്നു കാരണം. ഈ വിചാരണ അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ അനീതിയായി വിലയിരുത്തപ്പെടുന്നു. ശിക്ഷ വിധിച്ച ജഡ്ജി ജോസഫ് ഗാരിയുടെ നടപടി ശക്തമായ വിമർശനത്തിന് വിധേയമാക്കപ്പെട്ടു.

**6. സ്മാരകം**

തൂക്കിലേറ്റപ്പെട്ട രക്തസാക്ഷികളുടെ ശവസംസ്കാര ചടങ്ങുകളിൽ പങ്കുകൊള്ളാൻ ആയിരക്കണക്കിന് ജനങ്ങളാണ് തടിച്ചുകൂടിയത്. ഈ സംഭവം തൊഴിലാളികളിലും സമൂഹത്തിലും വലിയ സ്വാധീനം ചെലുത്തി. ഹേമാർക്കറ്റ് ദുരന്തത്തിൽ മരിച്ചവരുടെ സ്മരണക്കായി ഒരു കൂറ്റൻ സ്മാരകം 1893 ൽ നിർമ്മിക്കപ്പെട്ടു.

തൂക്കിലേറ്റുന്നതിന് തൊട്ടുമുമ്പ് അഗസ്റ്റസ് സ്പൈസ് പറഞ്ഞ വാചകങ്ങൾ ചരിത്രപ്രസിദ്ധമായി മാറിയിരുന്നു– 'ഇന്ന് നിങ്ങൾ കഴുത്ത് ഞെരിച്ച് ഇല്ലാതാക്കുന്ന ഞങ്ങളുടെ ശബ്ദത്തേക്കാൾ ഞങ്ങളുടെ നിശ്ശബ്ദത കരുത്താർജ്ജിക്കുന്ന ദിനം വരും'. കരുത്തുറ്റ ഈ വാക്കുകളാണ് പിൽക്കാലത്ത് ഹേ മാർക്കറ്റ് ദുരന്ത സ്മാരകത്തിൽ ആലേഖനം ചെയ്യപ്പെട്ടത്.

**7. മെയ് ദിനാചരണം**

മെയ് 1 ലെ പണിമുടക്കും ഹേമാർക്കറ്റ് സംഭവവും ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും തൊഴിലാളികൾ സംഘടിക്കാനും തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപീകരിക്കാനും ശക്തമായ പ്രചോദനമായി. ഈ സംഭവത്തിന്റെ ഓർമയ്ക്കായാണ് മെയ് 1 ലോക തൊഴിലാളി ദിനമായി ആചരിക്കുന്നത്.

1889 ജൂലായ് 14ന് പാരീസിൽ ചേർന്ന രണ്ടാം ഇന്റർനാഷനലിൽ ആയിരുന്നു മെയ് 1 ലോക തൊഴിലാളി ദിനമായി ആചരിക്കാനുള്ള ചരിത്ര തീരുമാനം എടുത്തത്. അങ്ങനെ 1890 മുതൽ മെയ് 1 സാർവദേശീയ തൊഴിലാളി ദിനമായി ആചരിക്കപ്പെട്ടു തുടങ്ങി.

അമേരിക്കയിലായിരുന്നു മെയ്ദിനാചരണം ആരംഭിച്ചതെങ്കിലും ഈ ദിവസത്തെ സാർവ്വദേശീയ തൊഴിലാളി ദിനമായി അമേരിക്ക, കാനഡ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങൾ അംഗീകരിച്ചിട്ടില്ല. സെപ്തംബറിലാണ് ഇവിടങ്ങളിൽ തൊഴിലാളിദിനം ആചരിക്കുന്നത്.

**9. ഇന്ത്യയും കേരളവും**

ഇന്ത്യയിൽ 1923 മുതൽ മെയ്ദിനം ആചരിച്ചു തുടങ്ങിയിരുന്നു. എന്നാൽ 1927 ൽ ഡൽഹിയിൽ ചേർന്ന എ ഐ ടി യു സി സമ്മേളനമാണ് അന്നത്തെ ബ്രിട്ടീഷ് ഭരണത്തിലുള്ള ഇന്ത്യയിലെ എല്ലാ പ്രവിശ്യകളിലെയും ശാഖകളോട് മെയ്ദിനം ആചരിക്കാൻ ആവശ്യപ്പെട്ടത്.

1923 മെയ് 1 ന് മദ്രാസിലെ മറീന ബീച്ചിൽ ചേർന്ന സമ്മേളനത്തിൽ ഇന്ത്യയിൽ ആദ്യ മെയ്ദിനം ആചരിക്കപ്പെട്ടു. സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്ന സ്വാതന്ത്ര്യസമര സേനാനിയും കമ്യൂണിസ്റ്റ്കാരനുമായിരുന്ന ശിങ്കാര വേലു ചെട്ടിയാർ മെയ്ദിനം അവധിയായി പ്രഖ്യാപിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. 1957 ൽ കേരളത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് സർക്കാരാണ് ഇത് ഇന്ത്യയിൽ ആദ്യം നടപ്പാക്കിയത്. 1936 ൽ തൃശൂരിലായിരുന്നു കേരളത്തിലെ ആദ്യത്തെ മെയ്ദിനാഘോഷം നടന്നത്.

**വിപ്ലവം**

ഒരു സാമൂഹ്യ വ്യവസ്ഥിതിയിലെ അടിസ്ഥാനപരവും പെട്ടെന്നുള്ളതുമായ മാറ്റത്തെയാണ് വിപ്ലവം എന്നു പറയുന്നത്. രാഷ്ട്രീയ രംഗത്തോ അധികാരത്തിലോ സംഘടനാതലത്തിലോ സാമ്പത്തിക രംഗത്തോ ആവാം ഈയൊരു മാറ്റം സംഭവിക്കുന്നത്. ആഭ്യന്തര യുദ്ധം, ജനകീയ കലാപം, അട്ടിമറി, പുറത്തുനിന്നുള്ള അധിനിവേശം എന്നിവയൊക്കെ ഒരു വിപ്ലവത്തിന് കാരണമാകാം. ദുഷിച്ച രീതിയിൽ ദീർഘകാലം നിലനിന്നിരുന്ന ഒരു വ്യവസ്ഥിതിയിൽ സാമൂഹിക സാമ്പത്തിക ഘടനകളിൽ പുരോഗമനമായ പരിവർത്തനം ചെയ്യുന്ന വിപ്ലവത്തെ മഹത്തായ വിപ്ലവം എന്നു വിശേഷിപ്പിക്കുന്നു. ഇതിന് ഉദാഹരണമാണ് 1789 ലെ ഫ്രഞ്ചു വിപ്ലവവും 1917 ലെ റഷ്യൻ വിപ്ലവവും. ആയുധങ്ങളേന്തിയുള്ള സായുധ പോരാട്ടങ്ങൾ കൂടാതെ സാഹിത്യവും സംഗീതവും കലാ പ്രവർത്തനങ്ങളുമൊക്കെ ഒരു വിപ്ലവത്തിന് ശക്തി സ്രോതസ്സുകളായി പ്രവർത്തിക്കുന്നു.

രാഷ്ട്രീയ മണ്ഡലത്തിന് പുറത്തുള്ള വലിയ മാറ്റങ്ങളെ സൂചിപ്പിക്കാനും വിപ്ലവം എന്ന പദം ഉപയോഗിക്കാറുണ്ട്. സാമ്പത്തിക രംഗത്തും സാങ്കേതിക വിദ്യയിലും കാർഷിക രംഗത്തുമൊക്കെ പരിവർത്തനം ഉണ്ടാക്കുന്നതാണ് ഇത്തരം വിപ്ലവങ്ങൾ. വ്യവസായ വിപ്ലവം, ശാസ്ത്ര വിപ്ലവം, ഹരിതവിപ്ലവം, ധവളവിപ്ലവം, ഡിജിറ്റൽ വിപ്ലവം എന്നിവ ഇത്തരത്തിലുള്ളതാണ്.

**വിപ്ലവ ഗാനങ്ങൾ**

വിപ്ലവത്തിനു വേണ്ടി വാദിക്കുന്നതോ നടന്ന വിപ്ലവത്തെ വാഴ്ത്തുന്നതോ ആയ രാഷ്ട്രീയ ഗാനങ്ങളാണ് വിപ്ലവ ഗാനങ്ങൾ. ഇവ ധാർമ്മികതയുടെ പരിപോഷണത്തിനോ രാഷ്ട്രീയ പ്രചാരണത്തിനോ പ്രക്ഷോഭത്തിനോവേണ്ടിയാണ് സൃഷ്ടിക്കപ്പെടുന്നത്. വിപ്ലവ ഗാനങ്ങളുടെ ആലാപനം പ്രകടനപരമോ വിപ്ലവകരമോ ആയ പ്രവർത്തനമായി കണക്കാക്കപ്പെടുന്നു. ആദ്യകാല വിപ്ലവങ്ങളുടെ സാംസ്കാരിക പിന്തുണയുടെ ഭാഗമാ

യിരുന്നു വിപ്ലവ ഗാനങ്ങളും അവയുടെ സംഗീതവും.

**ലോകരാജ്യങ്ങളിലെ വിപ്ലവഗാനങ്ങൾ**

ഫ്രഞ്ച് വിപ്ലവകാലത്ത് ഉദയംകൊണ്ട വിപ്ലവഗാനങ്ങളാണ് മാർസെയിലസ്, ചാന്ത് ഡു ഡി വാർട്ട്, കാർമഗ്നോൾ എന്നിവ. വിപ്ലവകരമായ പ്രചാരണ ലക്ഷ്യങ്ങളുണ്ടായിരുന്ന അമേരിക്കൻ യുദ്ധകാലത്തെ വിപ്ലവഗാനങ്ങളിൽ ഡയിംഗ് റെഡ്കോട്ട്, ഫ്രീ അമേരിക്ക, ജെഫേഴ്സൺ ആന്റ് ലിബർട്ടി എന്നിവ ഉൾപ്പെടുന്നു.

റഷ്യൻ വിപ്ലവകാലത്ത് ബോൾഷെവിക്കുകൾ വിപ്ലവഗാനങ്ങൾ ഉപയോഗിച്ചിരുന്നു. ഇതിൽ പ്രശസ്തമായ 'ദി ഇന്റർനാഷനൽ ' പിന്നീട് സോവിയറ്റ് യൂണിയന്റെ ദേശീയഗാനമായി മാറി.

സ്പാനിഷ് വിപ്ലവകാലത്തും നിരവധി ഗാനങ്ങളുണ്ടായി. ഇവയിൽ ഏറ്റവും പ്രശസ്തമാണ് 'എ ലാസ് ബാരിക്കഡാസ് ' എന്ന ഗാനം. സാംസ്കാരിക വിപ്ലവകാലത്ത് ചൈനയുടെ ജനകീയ സംസ്കാരത്തിന്റെ ഭാഗമായിരുന്നു വിപ്ലവഗാനങ്ങൾ. ഇവ 1949 ലെ വിപ്ലവത്തെ മഹത്വവൽക്കരിക്കാനും വിവിധ വംശീയ വിഭാഗങ്ങളെ ഐക്യപ്പെടുത്താനും സഹായകമായി.

വിയറ്റ്നാമിൽ വിപ്ലവ സംഗീതം അറിയപ്പെടുന്നത് റെഡ് മ്യൂസിക് എന്ന പൊതു നാമത്തിലാണ്.

ക്യൂബയുടെ ദേശീയ ഗാനമായ 'ലാബയാമേസ' 1868ൽ എഴുതപ്പെട്ട വിപ്ലവഗാനമാണ്. ഇറാനിൽ ഇസ്ലാമിക വിപ്ലവകാലത്ത് വിപ്ലവഗാനങ്ങൾ സൃഷ്ടിക്കപ്പെട്ടിരുന്നു. പഴയ സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ചൈന, വിയറ്റ്നാം, ക്യൂബ, ഉത്തര കൊറിയ എന്നിവയുൾപ്പെട്ട സോഷ്യലിസ്റ്റ് രാജ്യങ്ങളിലും തൊഴിലാളികളുടെ സംഗീതത്തിന്റെ ഒരു വിഭാഗമായി വിപ്ലവ ഗാനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെട്ടിട്ടുണ്ട്.

**വിപ്ലവഗാനങ്ങൾ മലയാളത്തിൽ**

**1. സ്വാതന്ത്ര്യ ഗാനങ്ങൾ**

ഇന്ത്യാ രാജ്യം വിദേശാധിപത്യത്തിൻ കീഴിലമർന്നു കിടന്ന കാലത്ത് അനവധി ദേശഭക്തി ഗാനങ്ങൾ പല ഇന്ത്യൻ ഭാഷകളിലും സൃഷ്ടിക്കപ്പെട്ടിരുന്നു. ജനങ്ങളിൽ ദേശീയബോധവും ഐക്യവും വളർത്തുന്നതിൽ ഈ ഗാനങ്ങൾ വലിയ പങ്കുവഹിച്ചു. മലയാളത്തിലും ഇത്തരം സ്വാതന്ത്ര്യ സമര ഗാനങ്ങൾ പിറവിയെടുത്തിരുന്നു. ചില ഗാനങ്ങളിൽ ദേശഭക്തിയോടൊപ്പം സമരാഹ്വാനത്തിന്റെ ആവേശകരമായ താളവുമുണ്ടായിരുന്നു. ഇതിനുദാഹരണമായിരുന്നു അംശി നാരായണപിള്ള രചിച്ച 'വരിക വരിക സഹജരെ സഹനസമര സമയമായ് ' എന്ന ഗാനം. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ ഉപ്പു സത്യാഗ്രഹ സമയത്ത് ജനങ്ങളെ സമരത്തിലേക്ക് നയിക്കാൻ രചിക്കപ്പെട്ടതായിരുന്നു ഈ ഗാനം.



മഹാകവി കുമാരനാശാന്റെ 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന വരികൾ ജാതീയതയെ പ്രോൽസാഹിപ്പിക്കുന്ന വ്യവസ്ഥിതിക്കെതിരെ സമൂഹത്തിനോടും ഭരണകൂടത്തിനോടുമുള്ള ആഹ്വാനമായിരുന്നു. ഈ വരികൾ പിന്നീട് പലപ്പോഴും മറ്റു വിപ്ളവ കവിതകളുടെയും ഗാനങ്ങളുടെയും ഭാഗമായിത്തീർന്നു.

**2. മുദ്രാവാക്യ കവിതകൾ**

ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പു തന്നെ കേരളത്തിൽ 1930 കളിലും 40കളിലും തൊഴിലാളിവർഗ്ഗ സമരങ്ങൾ ഉയർന്നുവന്നിരുന്നു. ജൻമിമാരുടെയും മുതലാളിമാരുടെയും ചൂഷണത്തിനെതിരെയും സർ സി.പി.യുടെ ഭരണ നയങ്ങൾക്കെതിരെയും ബ്രിട്ടീഷുകാരു

ടെ അടിച്ചമർത്തലിനെതിരെയും ഒക്കെയായിരുന്നു ഈ പ്രതിഷേധങ്ങൾ അലയടിച്ചത്. കയ്യൂർ, കരിവെള്ളൂർ, ഒഞ്ചിയം, പുന്നപ്ര വയലാർ എന്നിവിടങ്ങളിൽ നടന്ന സമരങ്ങളും വെടിവെപ്പുകളും കേരളസമൂഹത്തിൽ വലിയ പ്രക്ഷുബ്ധതയാണ് സൃഷ്ടിച്ചത്. സമരങ്ങളുമായി ബന്ധപ്പെട്ട് നടന്ന ജനകീയ ജാഥകളിൽ മുദ്രാവാക്യങ്ങൾ ഉയർന്നുവന്നു. എഴുത്തുകാരല്ലാത്ത പ്രാദേശിക നേതാക്കൾ സൃഷ്ടിച്ച ഇത്തരം മുദാവാക്യ കവിതകളായിരുന്നു വിപ്ലവഗാനങ്ങളുടെ ആദ്യരൂപം. സ്വാതന്ത്ര്യ സമര ഗാനങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ ദൃഢതയും മൂർച്ചയും താളവും ഇവയ്ക്കുണ്ടായിരുന്നു.

**3. വിപ്ലവ കവിതകളും ഗാനങ്ങളും**

കേരളത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളി സമരങ്ങളുമായി ചേർന്നു നിൽക്കുന്നതാണ് വിപ്ലവം എന്ന പദം. കാവ്യപ്രതിഭയും വിപ്ലവബോധവും കൊണ്ട് അനുഗ്രഹീതരായ കവികൾ സമര കവിതകൾ രചിച്ചപ്പോൾ അത് പുതിയ രൂപവും മാനവുമുള്ള വിപ്ലവഗാനങ്ങളുടെ പിറവിയിലേക്ക് നയിച്ചു. പി.ഭാസ്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി കുറുപ്പ് എന്നിവരായിരുന്നു വിപ്ലവകവികളിലെ പ്രമുഖർ.



സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ പി. ഭാസ്കരൻ രചിച്ച ഒരു കവിത ജനങ്ങളിൽ ആവേശം വിതച്ചു. 'ഉയരും ഞാൻ നാടാകെ പടരും ഞാനൊരു പുത്തൻ ഉയിർ നാടിന്നേകിക്കൊണ്ടുയരും വീണ്ടും' എന്നു തുടങ്ങുന്ന കവിത ജനഹൃദയങ്ങളിൽ സമര വികാരത്തിന്റെ വലിയ അലകൾ സൃഷ്ടിച്ചു. പുന്നപ്ര - വയലാർ രക്തസാക്ഷി മണ്ഡപത്തിൽ ഈ വരികൾ കൊത്തി വച്ചിട്ടുണ്ട്.

ഒ.എൻ.വി കുറുപ്പ് കലാലയ വിദ്യാഭ്യാസ കാലത്തു തന്നെ വിപ്ലവ കവിതകൾ രചിച്ചിരുന്നു. ഒ.എൻ.വിയുടെ 'പൊന്നരിവാളമ്പിളി' പ്രണയവും വിപ്ലവവും സമന്വയിച്ച ഗാനമെന്ന നിലയിൽ ശ്രദ്ധേയമായിരുന്നു.

വിപ്ലവ വികാരം തുടിക്കുന്ന കവിതകളും ഗാനങ്ങളും രചിച്ചവരിൽ മുഖ്യൻ വയലാർ രാമവർമ്മയായിരുന്നു. പുന്നപ്ര വയലാർ സമരത്തിന്റെ നാട്ടിൽ ജനിച്ചുവളർന്ന കവിയുടെ ഹൃദയം സർ സി പി യുടെ പോലീസിന്റെ നിറതോക്കിനു മുമ്പിൽ നെഞ്ചുകാട്ടി പൊരുതി വീരചരമമടഞ്ഞ തന്റെ നാട്ടുകാരുടെ വിലാപം ഉൾക്കൊണ്ടിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ തൂലികയിൽ നിന്നും ആവേശഭരിതവും വികാരോജ്ജ്വലവുമായ കവിതകളും ഗാനങ്ങളും പിറവി കൊണ്ടു.

പ്രതിഭാധനരായ കവികൾ രചിച്ച വരികൾക്ക് അനുയോജ്യമായ ഉശിരുള്ള സംഗീതം നൽകാൻ ഒരു സംഗീതകാരനെയും കാലം സൃഷ്ടിച്ചിരുന്നു - ജി. ദേവരാജൻ. സമരവീര്യത്തോടെ മുന്നോട്ടു കുതിക്കുന്ന ജനസഞ്ചയത്തിന്റെ അടിവെപ്പുകൾക്ക് അനുസൃതമായ സ്വരവിന്യാസവും താളവും



കോറസ്സും പശ്ചാത്തല സംഗീതവും അടങ്ങിയ ഈണ വിസ്മയം സൃഷ്ടിച്ചുക്കൊണ്ട് ദേവരാജൻ മലയാളത്തിൽ വിപ്ലവ സംഗീതത്തിന്റെ ഒരു നവമാതൃക രൂപപ്പെടുത്തി.

**4. വിപ്ലവഗാനങ്ങളുടെ സംഗീതം**

നാട്യകലയിൽ അഭിനയത്തിന് ശൃംഗാരം, വീരം, രൗദ്രം, ബീഭൽസം തുടങ്ങിയ ഭാവങ്ങൾ ഉള്ളതുപോലെ നാദകലയായ സംഗീതത്തിലും ഭാവങ്ങളുണ്ട്. ഇത്തരം ഭാവങ്ങളിൽ അനുയോജ്യമായതാണ് വിപ്ലവ ഗാനങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നത്. സംഗീതത്തെ സമര വിപ്ലവങ്ങളുടെ ഉപകരണമാക്കുകയാണ് സംഗീത സംവിധായകർ ചെയ്യുന്നത്.

ഏതൊരു പ്രമേയവും കൈകാര്യം ചെയ്യാൻ സംഗീതത്തിനു കഴിയും എന്നതിന്റെ തെളിവാണ് വിപ്ളവ ഗാനങ്ങൾ. അടിച്ചമർത്തപ്പെട്ടവന്റെ മനസ്സിലെ പ്രതിഷേധം വാക്കുകളിലൂടെ, മുദ്രാവാക്യങ്ങളിലൂടെ വരികളായി മാറി അനുയോജ്യമായ ഈണവുമായി ലയിക്കുമ്പോൾ വിപ്ളവ ഗാനങ്ങൾ ജനിക്കുന്നു.

സമരാവേശത്തിൽ മുന്നോട്ട് നീങ്ങുന്ന തൊഴിലാളികളുടെ ജാഥയ്ക്കു പാടുന്ന മുന്നോട്ട്... മുന്നോട്ട്... എന്ന വാക്കുകൾക്ക് അനുയോജ്യമായ ഭാവതലത്തിലുള്ള ഈണമാണ് നൽകുന്നത്. വിപ്ലവ വീര്യമുള്ള മുദ്രാവാക്യങ്ങളും വാക്കുകളും പ്രകടനങ്ങളിൽ സംഘനാദമായി മുഴങ്ങുമ്പോൾ ആവേശമുണർത്തുന്ന ശബ്ദം അനുക്രമമായി ഉച്ചശ്രേണിയിലേക്ക് കയറിക്കൊണ്ടിരിക്കുന്ന രീതിയിലാണ് വിപ്ലവഗാനങ്ങളുടെ സംഗീതം. ഇൻക്വിലാബ്



സിന്ദാബാദ്, മാറ്റുവിൻ ചട്ടങ്ങളെ തുടങ്ങിയ പദങ്ങൾ ഗാനവരികളിൽ വരു മ്പോൾ അവയുടെ ഉച്ചാരണം ദൃഢസ്വര ത്തിൽ ആയിരിക്കണം. ഒരു മാറ്റത്തിനു വേണ്ടിയുള്ള ആഹ്വാനത്തിന്റെ ഭാവം ശക്തിയുള്ളതും ആജ്ഞാപിക്കുന്ന ഭാവത്തിലുമാകണം. സ്വാഭാവികമായും വിപ്ലവഗാനങ്ങളിലെ വാക്കുകളുടെ സംഗീത സ്വരവിന്യാസം ഉച്ചസ്ഥായിയിലായിരിക്കും.

വിപ്ലവഗാനങ്ങളുടെ മറ്റൊരു പ്രത്യേകത കോറസ്സിന്റെ സാന്നിധ്യമാണ്. നേതൃസ്ഥാനത്തു നിന്ന് ജാഥ നയിക്കുന്ന ആൾക്കു വേണ്ടി. മുഖ്യഗായകൻ പാടുന്ന വരികൾ സംഘത്തിലുള്ളവർ ഏറ്റു പാടുന്നതാണ് കോറസ് ആലാപനമാകുന്നത്.

സമര സംഘത്തിന്റെ ചേതനയ്ക്ക് അനുസരിച്ചുള്ള പശ്ചാത്തല സംഗീതവും വിപ്ലവ ഗാനങ്ങൾക്ക് നിർബന്ധമാണ്. വയലിൻ പോലുള്ള പരമ്പരാഗത സംഗീത ഉപകരണങ്ങൾ കൂടാതെ കാഹളം, ബ്യൂഗിൾ തുടങ്ങിയവയും ചില ഗാനങ്ങളിൽ പ്രയോഗിക്കപ്പെടുന്നു.

**5. ബലികുടീരങ്ങളെ**

പിൽക്കാലത്ത് മലയാള ചലച്ചിത്രഗാനരംഗത്ത് ചരിത്രം സൃഷ്ടിച്ച വയലാറും ദേവരാജനും ആദ്യമായി ഒന്നിച്ചത് ഒരു വിപ്ലവ ഗാനത്തിന്റെ സൃഷ്ടിയിലായിരുന്നു എന്നത് ഒരു ചരിത്ര നിയോഗമായിരുന്നു. കാലത്തെ അതിജീവിച്ച് ഇന്നും മുഴങ്ങുന്ന ഈ വിപ്ലവ ഗാനമാണ്

*ബലികുടീരങ്ങളെ ബലികുടീരങ്ങളെ*
*സ്മരണകളിരമ്പും രണ സ്മാരകങ്ങളെ*
*ഇവിടെ ജനകോടികൾ ചാർത്തുന്നു നിങ്ങളിൽ*
*സമരപുളകങ്ങൾ തൻ സിന്ദൂരമാലകൾ*

ഇതാണ് മലയാളത്തിലെ ലക്ഷണയുക്തവും ഭാവപൂർണ്ണവുമായ ആദ്യത്തെ വിപ്ലവഗാനം. മാതൃരാജ്യത്തിനു വേണ്ടി ജീവൻ ത്യജിച്ച ധീര രക്തസാക്ഷികളുടെ ബലികുടീരത്തിൽ സമരപുളകങ്ങളുടെ സിന്ദൂരമാലകൾ ചാർത്തുന്ന വരികൾക്ക് നൽകിയിരിക്കുന്നത് ജ്വലിക്കുന്ന സംഗീതം. ഇതുപോലെ ഒരു ഗാനം പിന്നീട് മലയാളത്തിൽ ഉണ്ടായിട്ടില്ല. ഇത്രയും ശക്തവും വികാരോജ്ജ്വലവുമായ ഒരു വിപ്ലവ ഗാനം മറ്റൊരിന്ത്യൻ ഭാഷയിലുമില്ല. ത്യാഗത്തിന്റെയും വേദനയുടെയും വികാരത്തോടൊപ്പം തകർന്നു പോയ വിപ്ലവ സ്വപ്നങ്ങളും ദേശീയ ബോധവും ഉണർത്തുന്ന 'ബലികുടീരങ്ങൾ ' മലയാളത്തിലെ ഏറ്റവും മികച്ച വിപ്ലവഗാനമായി വിലയിരുത്തപ്പെടുന്നു.

1957 ൽ തിരുവനന്തപുരത്തെ പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ ഉദ്ഘാടന വേളയിൽ ആലപിക്കാനായി സൃഷ്ടിക്കപ്പെട്ട ഗാനം അതിന്റെ മികവുകൊണ്ടു കാലാതിവർത്തിയായി.

**6. നാടകത്തിലെ വിപ്ലവഗാനങ്ങൾ**

ഒഎൻവി യും ദേവരാജനും ശിൽപികളായ 'പൊന്നരിവാളമ്പിളിയിൽ കണ്ണെറിയുന്നോളെ' എന്ന ഗാനം 1940 കളുടെ അവസാനഘട്ട ത്തിൽ കോളജിലെ സാഹിത്യ സദസ്സുകളിലും സ്വീകരണ യോഗങ്ങളിലും അവതരിപ്പി ക്കപ്പെട്ട സമയങ്ങളിൽ സഹൃദയ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ഒരു കർഷകത്തൊഴി ലാളി യുവാവ് പ്രണയിനിയോട് ഒത്തു ചേർന്ന് നിന്ന് പൂനിലാവും നെൽക്കതിരും കൊയ്യാനും തോളോടുതോൾ ഒത്തുചേർന്നു നിന്ന് വാളുയർത്താനും സംവദിക്കുന്ന ഗാനത്തിന്റെ പ്രശസ്തി അത് 1952ൽ കെ.പി.എ.സിയുടെ 'നിങ്ങളെന്നെ കമ്മ്യൂണി സ്റ്റാക്കി' എന്ന നാടകത്തിൽ ചേർക്കാൻ കാരണമായി. ഗാനം ഉൾപ്പെടുത്താനായി നാടകത്തിൽ പ്രത്യേകമായി ഒരു രംഗം കൂട്ടിച്ചേർക്കുകയായിരുന്നു.

പ്രണയവും വിപ്ലവ ബോധവും സമന്വയിച്ച ഗാനമെന്ന നിലയിൽ പ്രത്യേക വ്യക്തിത്വംപുലർത്തുന്നു*'പൊന്നരിവാളമ്പിളി'*. മാനത്തെ ചന്ദ്രക്കലയെ കർഷകത്തൊഴിലാളി യുടെ ആയുധമായ അരിവാളിനോട് ഉപമിച്ചത് അക്കാലത്തെ വിപ്ലവപരമായ ആശയമായി രുന്നു. നാടൻപാട്ടു രീതിയിൽ 'കുറത്തിമട്ട്' എന്ന ഗ്രാമീണ ദ്രാവിഡ വൃത്തത്തിൽ എഴുതിയ വരികളിലെ നാടൻശീലിനോട് കർണാടക സംഗീതത്തിലെ 'ശങ്കരാഭരണം' രാഗം സമന്വയിപ്പിച്ചപ്പോൾ ലഭിച്ച സംഗീത ഗാംഭീര്യം ഗാനത്തിനെ കാലാതിവർത്തി യാക്കി .ദേവരാജന്റെ തന്നെ ശബ്ദത്തിൽ ഈ ഗാനം ഗ്രാമഫോൺ റെക്കോഡായി ഇറങ്ങി.

സർവേക്കല്ല് (1954) എന്ന നാടകത്തിൽ ഒഎൻവിയും ദേവരാജനും ചേർന്ന് സൃഷ്ടിച്ച വിപ്ലവഗാനമാണ് ' *ഈ മണ്ണിൽ വീണ നിന്റെ തൂവേർപ്പിൽ നിന്നുയർന്നിതാ'*. കർഷകത്തൊ ഴിലാളിയുടെ അദ്ധ്വാനത്തെ വാഴ്ത്തുന്നതാണ് ഗാനവരികൾ. ചടുലമായ താളവും ഉചിതമായ സ്ഥാനങ്ങളിൽ വിന്യസിച്ച ഹമ്മിംഗും സംഘാലാപനവും വിപ്ലവസംഗീതത്തിന്റെ അനുഭവം പകർന്നു നൽകുന്നു. കെ.എസ് ജോർജും സുലോചനയും സംഘവും ചേർ ന്നാണ് ഗാനം ആലപിച്ചത്.

വിസ്മയകരമായ രചനയും ഈണവും കൊണ്ട് മലയാളി മനസ്സുകളെ സ്വാധീനിച്ച 'ബലികുടീരങ്ങളേ'.യുടെ പ്രശസ്തി ഗാനത്തെ ' വിശറിക്കു കാറ്റു വേണ്ട' എന്ന നാടകത്തിൽ ഉൾപ്പെടുത്തുവാൻ കാരണമായി. കെ.എസ്.ജോർജും സംഘവും പാടിയ ഗാനം ഗ്രാമഫോൺ റെക്കോഡായി ഇറങ്ങുകയും ചെയ്തു.

കൊല്ലം കാളിദാസ കലാകേന്ദ്രത്തിന്റെ 'ജനനീ ജന്മഭൂമി' എന്ന നാടകത്തിലെ 'തേരിതു നിർത്തരുതെ' എന്ന ഗാനവും വിപ്ലവ ഗാനങ്ങളുടെ ഗണത്തിൽപ്പെടുന്നു. ഒഎൻവിയും ദേവരാജനുമാണ് ഗാന ശിൽപി കൾ.

**7. വിപ്ലവഗാനങ്ങൾ സിനിമയിൽ**

മലയാളത്തിൽ ശ്രദ്ധേയ വിപ്ളവ ഗാനങ്ങൾ കൂടുതലും ഉണ്ടായത് ചലച്ചിത്ര ങ്ങളിലാണ്. ജാതീയ-വിഭാഗീയതകളുടെ വക്താക്കളായ ഭരണകൂടങ്ങൾക്കും ചൂഷക രായ ജന്മിമാർക്കും ഫാക്ടറി ഉടമകൾക്കും എല്ലാമെതിരെയുള്ള കുടിയാൻമാരുടെയും തൊഴിലാളികളുടെയും സമരങ്ങൾ പ്രമേയ മായ സിനിമകൾ മികച്ച വിപ്ളവ ഗാനങ്ങളുടെ പിറവിക്ക് കാരണമായി.

വയലാർ – ദേവരാജൻ ടീമിന്റെ ഗാനങ്ങൾ മലയാള ചലച്ചിത്രങ്ങളിലെ മികച്ച വിപ്ളവ ഗാനങ്ങളിൽ ഭൂരിപക്ഷത്തിന്റെയും സംഗീതം ദേവരാജൻ മാസ്റ്ററാണ്; രചനയാകട്ടെ വയലാർ രാമവർമ്മയും. വിപ്ലവഗാന സംഗീത ത്തിന് പൂർവമാതൃകകൾ ഇല്ലാത്ത കാലത്ത്

സ്വന്തം ആശയ സംസ്കാരത്തിൽ വിപ്ലവ സംഗീതം സൃഷ്ടിച്ച് നൽകുകയായിരുന്നു ദേവരാജൻ. ഉശിരോടെ മുഷ്ടി ചുരുട്ടി മുന്നേറുന്ന സംഘടിത ശക്തിയുടെ ചലന ങ്ങൾ അനുയോജ്യ താളവും സ്വരസഞ്ചാരവും വാദ്യവൃന്ദവും സമന്വയിപ്പിച്ച് മലയാളത്തിൽ വിപ്ളവ ഗാനങ്ങളുടെ ഉജ്ജ്വല മാതൃക തീർക്കുകയായിരുന്നു അദ്ദേഹം.



മലയാളത്തിന് ഏറ്റവും മികച്ച വിപ്ലവ ഗാനങ്ങൾ സമ്മാനിച്ച വയലാർ - ദേവരാജൻ കൂട്ടുകെട്ടിന്റെ ഗാനങ്ങൾ ഇനി പരിചയ പ്പെടുത്തുന്നു –



1. തകഴിയുടെ പ്രശസ്ത നോവലിന്റെ ചലച്ചിത്ര ഭാഷ്യ മാണ് 1970 ലെ 'അനുഭവങ്ങൾ പാളിച്ചകൾ' . ഈ ചിത്ര ത്തിൽ യേശുദാസും സംഘവും പാടിയ ഗാനമാണ്

*സർവരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ*
*സംഘടിച്ച് സംഘടിച്ച് ശക്തരാകുവിൻ*

മെയ്ദിനത്തിന്റെ സന്ദേശ വാക്യം തന്നെ പല്ലവിയാക്കി യതാണ് ഗാനം. സംഘ ടിക്കുക എന്ന പൊതുവായ ആശയവും കാറൽ മാർക ്സ് തന്റെ 'മൂലധനം'( Das Capital) എന്ന വിഖ്യാത ഗ്രന്ഥത്തിൽ എല്ലാ രാജ്യങ്ങളി ലെയും തൊഴിലാളികളോട് ഒന്നിക്കാൻ നൽകിയ ആഹ്വാനവും സമന്വയിപ്പിച്ച് വയലാർ എഴുതിയ ഉജ്ജ്വല ഗാനത്തിൽ ലെനിനും മനുഷ്യ സംസ്കാരത്തിന് തട്ടകമായ നദികളായ വോൾഗയും ഗംഗയും നൈലും യാങ്ങ്ട്സിയും പരാമർശിക്കപ്പെടുന്നുണ്ട്. സംഗീതമാകട്ടെ 'തൊഴിലാളികളേ' എന്ന സംബോധനയിൽ ഉച്ചസ്ഥായി കൊടുത്തും 'ലെനിന്റെ ശബ്ദം' എന്ന വാക്കുകൾ ആവർത്തിച്ചുള്ള ആലാപനത്തിലൂടെ പ്രതിധ്വ നിക്കുന്ന രീതിയിലാക്കിയും ചിട്ടപ്പെടുത്തി യിരിക്കുന്നു. അനുപല്ലവിക്കും ചരണങ്ങൾക്കും ശേഷമുള്ള മനോഹരമായ കോറസ്ഗാന ത്തിന്റെ വിപ്ലവ പരിവേഷത്തിന് മാറ്റു കൂട്ടുന്നു.

2. കെ.പി.എ.സി. ഫിലിംസിന്റെ ബാനറിൽ 1974 ൽ ഇറങ്ങിയ 'നീലക്കണ്ണുകൾ' ഉജ്ജ്വലമായ രണ്ടു വിപ്ലവഗാനങ്ങൾ മലയാളത്തിനു സമ്മാ നിച്ച സിനിമയാണ്. യേശുദാസും മാധുരിയും കോറസുമാണ് രണ്ടു ഗാനങ്ങളും ആലപിച്ചത്. ആദ്യഗാനമാണ്

*മരിക്കാൻ ഞങ്ങൾക്ക് മനസ്സില്ല*
*കരയാൻ ഞങ്ങൾക്ക് മനസ്സില്ല*
*മുതലാളിത്തമെ നിൻ മുമ്പിൽ*
*ഇനി മുട്ടുമടക്കാൻ മനസ്സില്ല*

തൊഴിലാളികളുടെ ശക്തമായ പ്രതിഷേധ ത്തിന്റെയും നിഷേധത്തിന്റെയും ശക്തമായ ഭാഷയുള്ള ഈ ഗാനം കേൾക്കുമ്പോൾ തന്നെ ആരുടെ മനസ്സിലും വിപ്ലവവീര്യം അലയടി ക്കും. ഈ ഗാനത്തിന്റെ സംഗീതത്തിന് അസാമാന്യ ശക്തിയും ദൃഢതയും വീര്യവു മുണ്ട്. മേൽസ്ഥായിയിൽ ആലാപനം തുടങ്ങു ന്ന ഗാനത്തിൽ മാർച്ചു ചെയ്ത് മുന്നോട്ടു നീങ്ങുന്ന ജനസഞ്ചയത്തിന്റെ ദൃഢനിശ്ചയവും ധീരതയും പ്രകടമാക്കുന്ന സംഗീതമാണ് ധ്വനിക്കുന്നത്.

3.നീലക്കണ്ണുകളിലെ രണ്ടാമത്തെ വിപ്ലവ ഗാനമാണ്

*വിപ്ലവം ജയിക്കട്ടെ വിഗ്രഹങ്ങൾ തകരട്ടെ*
*സഹ്യസാനുക്കളുണരട്ടെ സുപ്രഭാതങ്ങൾ ചുവക്കട്ടെ*

ചെറുത്തുനിൽപ്പിന്റെയും ശക്തിയുടെയും ഉശിരും വികാരങ്ങളും പ്രകടിപ്പിക്കുന്ന ഗാന ത്തിന്റെ അനുപല്ലവിയുടെയും ചരണത്തിന്റെ യും അവസാനം 'അഖില ലോക തൊഴിലാ ളികളെ സംഘടിക്കുവിൻ' എന്ന മുദ്രാവാക്യം ആവേശത്തോടെ കോറസായി മുഴങ്ങുന്നുണ്ട്.

4. കെ.പി.എ സി യുടെ വിഖ്യാതമായ നാടകം 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി '1971 ൽ അതേ പേരിൽ ചലച്ചിത്രമാക്കപ്പെട്ടു. ഈ ചിത്രത്തിൽ

രണ്ട് മികച്ച വിപ്ലവഗാനങ്ങളുണ്ട്. ആദ്യഗാനം പി. സുശീലയും കോറസ്സും പാടിയതാണ്

*പല്ലനയാറിൻ തീരത്തിൽ പത്മപരാഗ*
*കുടീരത്തിൽ വിളക്കുവെക്കും*
*യുഗകന്യകയൊരു വിപ്ലവഗാനം കേട്ടു*
*മാറ്റുവിൻ ചട്ടങ്ങളെ മാറ്റുവിൻ ചട്ടങ്ങളെ*
*മാറ്റുവിൻ മാറ്റുവിൻ മാറ്റുവിൻ*

മഹാകവി കുമാരനാശാന്റെ ജീവിതത്തിലെ അന്ത്യരംഗത്തിന് സാക്ഷ്യം വഹിച്ച പല്ലനയാറും ആശാന്റെ പ്രശസ്തമായ ആഹ്വാനവും വരികളിൽ നിറയുന്ന ഗാനത്തിൽ എഴുത്തുകാർക്ക് വ്യവസ്ഥിതിയെ മാറ്റുന്നതിലുള്ള പങ്കും സൂചിപ്പിക്കുന്നുണ്ട്. ഗാനസംഗീതം വിപ്ലവഗാനത്തിന്റെയും സമൂഹഗാനത്തിന്റെയും ശൈലികൾ സമന്വയിപ്പിച്ചതാണ്.

5. ഇതേ സിനിമയിലെ രണ്ടാമത്തെ ഗാനമാണ് യേശുദാസും സംഘവും പാടിയ

*ഐക്യമുന്നണി ഐക്യമുന്നണി*
*അലയടിച്ചടിച്ചിറങ്ങുമൈക്യമുന്നണി*

കർഷകരുടെയും തൊഴിലാളികളുടെയും ഐക്യം സമരജാഥയായി മുന്നോട്ടു നീങ്ങുന്നതാണ് ഗാനവരികളും സംഗീതവും പ്രതീകമാക്കുന്നത്.

6. നഖങ്ങൾ(1973) ഫാക്ടറിയുടമകളും തൊഴിലാളികളും കഥാപാത്രങ്ങളാകുന്ന വ്യവസായ പശ്ചാത്തലം പ്രമേയമായ സിനിമയാണ്. ഇതിൽ യേശുദാസ് പാടിയ പ്രശസ്ത വിപ്ലവഗാനമുണ്ട്.

*നക്ഷത്രങ്ങളെ സാക്ഷി നവഗ്രഹങ്ങളെ സാക്ഷിയാത്രയായി അന്ത്യയാത്രയായി ഈ യാഗഭൂമിയിലെ രക്തസാക്ഷി*

മരിച്ച തൊഴിലാളിയുടെ മൃതദേഹവുമേന്തി നടത്തുന്ന വിലാപയാത്രയാണ് ഗാനരംഗം. അത്യന്തം വികാരം കലർന്നതും തത്വചിന്താപരവുമായ വരികളുള്ള ഗാനത്തിന്റെ അനുപല്ലവിയും ചരണവും അവസാനിക്കുന്നത് ചോദ്യങ്ങളിലൂടെയാണ് – 'ഈ നീതിമാന്റെ രക്തത്തിൽ നിങ്ങൾക്കു പങ്കില്ലേ? 'ഈ നീതിമാന്റെ ദുഃഖത്തിൽ നമ്മൾക്കു പങ്കില്ലേ?'

7. ദാരിദ്ര്യം നിറഞ്ഞ 1960കളിലെ തൊഴിലാളികളുടെ ദയനീയമായ ജീവിതാവസ്ഥ ചിത്രീകരിച്ച സിനിമയായിരുന്നു തുലാഭാരം (1968). ഈ ചിത്രത്തിലെ ഗാനമാണ്

*നഷ്ടപ്പെടുവാൻ വിലങ്ങുകൾ*
*കിട്ടാനുള്ളത് പുതിയൊരു ലോകം*
*പുതിയൊരു ലോകം.......*

ജയചന്ദ്രനും സംഘവും ആലപിച്ച ഈ ഗാനത്തിന്റെ ഈണത്തിൽ വിപ്ലവഗാനത്തിന്റെയും സമൂഹഗാനത്തിന്റെയും ശൈലികൾ സമന്വയിച്ചിരിക്കുന്നു.

8.വിപ്ളവകാരികൾ (1971) എന്ന ചിത്രത്തിൽ കമുകറ പുരുഷോത്തമനും. സംഘവും പാടിയ ഗാനമാണ്

*വില്ലും ശരവും കൈകളിലേന്തിയ*
*വിപ്ലവകാരികളെ*
*വില്ലു കുലയ്ക്കൂ ശരം തൊടുക്കൂ*
*വിശ്രമം നാളെ*

9. ഇൻക്വിലാബ് സിന്ദാബാദ് (1971) എന്ന ചിത്രത്തിൽ അതേ വാക്കുകളിൽ തുടങ്ങുന്ന ഗാനമുണ്ട്.

*ഇൻക്വിലാബ് സിന്ദാബാദ്*

ഇന്ത്യൻ സമരഭടൻമാരാദ്യമുയർത്തിയ മുദ്രാവാക്യം

ജയചന്ദ്രനും സംഘവും ആലപിച്ച ഈ ഗാനത്തിൽ മുദ്രാവാക്യം വിളിച്ചു മുന്നേറുന്ന ജനസഞ്ചയത്തിന്റെ അടിവെപ്പുകളുടെ ആവേശവും താളവും കേൾക്കാം.

10. മതമൈത്രിയുടെ സന്ദേശം പ്രസരിപ്പിച്ച അച്ഛനും ബാപ്പയും(1972) എന്ന ചിത്രത്തിലെ *'ഒരുമതമൊരുജാതി മനുഷ്യർക്കൊരു കുലമൊരു ദൈവം'* എന്ന വരികൾ പല്ലവിയായ ഗാനത്തിന്റെ അനുപല്ലവിയിലും ചരണത്തിലുമുള്ളത് ഇടതുപക്ഷ ആശയം സ്ഫുരിക്കുന്ന വരികളാണ്.

*രണ്ടേ രണ്ടു വർഗ്ഗം ഭൂമിയിൽ രണ്ടേ രണ്ടും വർഗ്ഗംഅടിമകളും ഉടമകളും ഉള്ളവരും ഇല്ലാത്തവരും*

ശ്രീനാരായണ ഗുരുവിന്റെയും കാറൽ മാർക്സിന്റെയും ആശയങ്ങൾ ഇടകലർത്തി വരികൾ രചിച്ച ഗാനം ആലപിച്ചത് മാധുരിയും പി.ബി. ശ്രീനിവാസും സംഘവുമാണ്. വയലാറിനു പുറമെ മറ്റു ഗാന രചയിതാക്കളു മായി ചേർന്നും ദേവരാജൻ മാസ്റ്റർ വിപ്ലവ ഗാനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

11.ഇതിൽ ഏറ്റവും ശ്രദ്ധേയം പി ഭാസ്കരൻ മാസ്റ്റർ രചിച്ച മൂലധനം (1969) എന്ന ചിത്രത്തിലെ യേശുദാസും സംഘവും പാടിയ സമരഗാനമാണ്.

*ഓരോ തുള്ളിച്ചോരയിൽ നിന്നും*
*ഒരായിരം പേരുയരുന്നു*
*ഉയരുന്നു അവർ നാടിൻ മോചന*
*രണാങ്കണത്തിൽ പടരുന്നു.*

കൽത്തുറുങ്കിനുള്ളിൽ അടച്ചിട്ടു പോലും വീര്യം ചോരാതെ ഒരു സംഘം യുവാക്കൾ സമരാവേശം പ്രകടിപ്പിക്കുന്നതാണ് ഗാന രംഗം. ഉഗ്രമായ പ്രതിജ്ഞ ധ്വനിക്കുന്ന ഗാന ത്തിൽ രക്തസാക്ഷികൾ സംവദിക്കുന്നതു പോലെയാണ് രചന. തൊഴിലാളികളുടെ ത്യാഗത്തിന്റെയും വീര്യത്തിന്റെയും ഭാഷയും വികാരവും പ്രതിഫലിക്കുന്നതാണ് ഗാന വരികൾ. സ്വാഭാവികമായും ഈണത്തിൽ വരികളിലെ സ്വരവിന്യാസം ആദ്യാന്തം ഉച്ചസ്ഥായിയിലാണ്.

12. നീതിപീഠം (1977 ) എന്ന ചിത്രത്തിൽ ഭരണിക്കാവ് ശിവകുമാർ രചിച്ച ഗാനമാണ്

*വിപ്ലവ ഗായകരെ നവയുഗ വിപ്ലവഗായകരെ*

ജയചന്ദ്രനും സംഘവും പാടിയതാണ് ഗാനം

13. സഖാക്കളെ മുന്നോട്ട്(1977) എന്ന ചിത്രത്തിലും ഒരു വിപ്ലവഗാനമുണ്ട്.

അക്ഷയശക്തികളെ അജയ്യ ശക്തികളെ

മങ്കൊമ്പ് ഗോപാലകൃഷ്ണൻ രചന നിർവ ഹിച്ച ഗാനം പാടിയത് ജയചന്ദ്രനും സംഘ വുമാണ്. മറ്റു ഗാന ശിൽപികളുടെ വിപ്ലവ ഗാനങ്ങൾ.

കെ രാഘവൻ, ബാബുരാജ്, ജയവിജയ,എം.കെ അർജുനൻ,ശങ്കർ ഗണേഷ്, എ ടി ഉമ്മർ, എം ജി രാധാകൃഷ്ണൻ, ബിജിബാൽ എന്നീ സംഗീത സംവിധായകരും വിപ്ളവ ഗാനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വയലാർ,



ഒ എൻ വി, പി.ഭാസ്കരൻ എന്നിവരെ കൂടാതെ ശ്രീകുമാരൻ തമ്പി , ബിച്ചു തിരുമല, പാപ്പനംകോട് ലക്ഷ്മണൻ, കെ.ജി.മേനോൻ, കെ.ജയകുമാർ, അനിൽ പനച്ചൂരാൻ മുതലായ വരും ഗാന രചയിതാക്കളായുണ്ട്.

1. സ്വാതന്ത്ര്യ പ്രാപ്തിക്കു മുമ്പ് ആലപ്പുഴയിലെ പുന്നപ്രയിലും വയലാറിലും നടന്ന വിഖ്യാത മായ സമരത്തിന്റെ കഥ പറയുന്ന പുന്നപ്ര വയലാർ (1968) എന്ന ചിത്രത്തിൽ വയലാറി ന്റെ രചനയിൽ കെ. രാഘവൻ മാസ്റ്ററുടെ ഈണത്തിൽ യേശുദാസും സംഘവും പാടിയ പ്രശസ്ത ഗാനമാണ്

*സഖാക്കളെ മുന്നോട്ട്*

*മുന്നോട്ട് മുന്നോട്ട് മുന്നോട്ട്*

മികച്ച രചനയും സംഗീതവും കൊണ്ട് ശ്രദ്ധേ യമായ വിപ്ലവഗാനമാണിത്. ഇതേ സിനിമ യിലെ മറ്റു രണ്ടു വിപ്ലവഗാനങ്ങളാണ് -

2. *ഉയരും ഞാൻ നാടാകെ*

3. *എന്തിനാണീ കൈവിലങ്ങുകൾ*

4. എൻ എൻ പിള്ളയുടെ പ്രശസ്ത നാടകം അതേ പേരിൽ ചലച്ചിത്രമാക്കിയതാണ് 1970 ലെ 'ക്രോസ്സ്ബെൽട്ട്'. ഈ ചിത്രത്തിൽ ശ്രീകുമാരൻ തമ്പി രചിച്ച് ബാബുരാജ് ഈണം പകർന്ന വിപ്ലവഗാനമാണ്

*സിന്ദാബാദ് സിന്ദാബാദ്*

യേശുദാസും രവീന്ദ്രനും കോറസ്സുമാണ് ഈ ഗാനം ആലപിച്ചത്.

5. വിമോചന സമരം (1971) എന്ന ചിത്രത്തിൽ വയലാറെഴുതി എം ബി ശ്രീനിവാസൻ ഈണം നൽകി യേശുദാസും സംഘവും പാടിയ ഗാനമാണ്


*സമരം വിമോചന സമരം സമരം*

*വിമോചനത്തിൻ സമരഭേരികൾ*

6. പണിമുടക്ക്(1972) എന്ന ചിത്രത്തിൽ വയലാറും ബാബുരാജും ചേർന്നൊരുക്കിയ ഗാനമാണ്

*വിപ്ലവം ജയിക്കട്ടെ വിഗ്രഹങ്ങൾ തകരട്ടെ*

*വിശ്വപ്രകൃതിയെ വെല്ലുവിളിക്കും വിപ്ലവം ജയിക്കട്ടെ*



യേശുദാസും ജയചന്ദ്രനും അമ്പിളിയും രവീന്ദ്രനും കോറസും പാടിയതാണ് ഗാനം .

7. പ്രശസ്ത ഗാന രചയിതാവ് ബിച്ചു തിരുമലയും ഇരട്ടകളായ സംഗീത സംവിധായകർ ജയവിജയൻമാരും 1977 ലെ 'മാറ്റൊലി' എന്ന ചിത്രത്തിനുവേണ്ടി ഒന്നിച്ചപ്പോൾ ഒരു മികച്ച വിപ്ലവ ഗാനം പിറന്നു.

മാറ്റുവിൻ ചട്ടങ്ങളെ.........

*പല്ലനയാറ്റിൽ നിന്നിന്നും മുഴങ്ങുമാ*
*പല്ലവി കേട്ടുവോ ന്യായാസനങ്ങളെ*

മഹാകവി കുമാരനാശാന്റെ വിഖ്യാതമായ ആഹ്വാനം അലങ്കാരമാക്കി രചിക്കപ്പെട്ട വരികളും വരികളുടെ ആത്മാവറിഞ്ഞ് നൽകിയ ഈണവും മികവുറ്റതാക്കിയ

വിപ്ലവഗാനം പാടിയത് യേശുദാസാണ് .

8. കൊടുമുടികൾ (1981) എന്ന ചിത്രത്തിൽ

പാപ്പനംകോട് ലക്ഷ്മണനും, എം.കെ. അർജുനനും ചേർന്നൊരുക്കിയ ഗാനമാണ്

*ഇൻകിലാബിൻ മക്കൾ നമ്മൾ*
*വിപ്ലവത്തിൻ വിത്തുകൾ നമ്മൾ*

വിപ്ലവവീര്യത്തോടൊപ്പം മെലഡിയുടെ സ്പർശവും കലർന്ന വ്യത്യസ്തമായ ഈ ഗാനം പാടിയത് യേശുദാസും സംഘവുമാണ്.

9. കയർ തൊഴിലാളികളുടെ കഥ പറയുന്ന സ്ഫോടനം (1982) എന്ന ചിത്രം ഒരു മികച്ച വിപ്ലവഗാനം ആസ്വാദകർക്ക് സമ്മാനിക്കുകയുണ്ടായി .

*നഷ്ടപ്പെടുവാൻ ഇല്ലൊന്നുമീ*
*കൈവിലങ്ങു കളല്ലാതെ*
*കിട്ടാനുണ്ടൊരു ലോകം*
*നമ്മളെ നമ്മൾ ഭരിക്കും ലോകം*

ഒ.എൻ.വി. വളരെക്കാലത്തിനു ശേഷം എഴുതിയ വിപ്ലവ ഗാനത്തിന് ഈണം നൽകിയത് ശങ്കർ ഗണേഷ്. ഉശിരോടെ മുന്നോട്ട് അടിവച്ചു നീങ്ങുന്ന പ്രകടനത്തിന്റെ സമരാവേശം പ്രകടമാക്കുന്ന ഗാനത്തിന്റെ രചനയും ഈണവും 1970 കളിലെ വയലാർ – ദേവരാജൻ ടീമിന്റെ വിപ്ലവഗാനശൈലി ഓർമ്മിപ്പിക്കുന്നു.

ഗാംഭീര്യമുള്ളതാണ് യേശുദാസും സംഘത്തിന്റെയും ആലാപനം.

10. നേതാവ് (1984) എന്ന ചിത്രത്തിൽ കെ.ജി. മേനോൻ രചിച്ച് എ.ടി. ഉമ്മർ ഈണം നൽകി യേശുദാസും സംഘവും പാടിയ ഗാനമാണ്

*ധീരരക്തസാക്ഷികൾ*
*ചോരയാൽ നിറം പകർന്ന ചെങ്കൊടി*

11. നേതാവ് എന്ന സിനിമയിൽ അതേ ഗാന ശിൽപികൾ ഒരുക്കി യേശുദാസും കല്യാണി മേനോനും പാടിയ ഗാനമാണ്

*നാളെ വരും പൊൻപുലരി*

12. ലാൽസലാം (1990) എന്ന ഇടതുപക്ഷ രാഷ്ട്രീയം പ്രമേയമായ സിനിമയിൽ ഒ എൻ വി രചിച്ച് രവീന്ദ്രൻ ഈണം നൽകി യേശുദാസ് പാടിയ ഗാനമാണ്

*ലാൽസലാം........*
*ജയിലറകൾ തുറന്നു വരും*
*ജനനായകരേ*

13. മെയ്ദിനം (1990) എന്ന ചിത്രത്തിൽ കെ. ജയകുമാർ രചിച്ച് എം.ജി. രാധാകൃഷ്ണൻ ഈണം പകർന്ന് യേശുദാസ് പാടിയ ഗാനമാണ്

*ചോര തുടിക്കും കൈകൾ*
*ഗാഥ രചിക്കും കൈകൾ*

14. രക്തസക്ഷികൾ സിന്ദാബാദ് (1998) എന്ന ചിത്രത്തിൽ പി. ഭാസ്കരൻ രചിച്ച് എം.ജി. രാധാകൃഷ്ണൻ ഈണം നൽകി യേശുദാസും എം.ജി. ശ്രീകുമാറും പാടിയ ഗാനമാണ്

*കിഴക്ക് പുലരി ചെങ്കൊടി പാറി*

15. രക്തസാക്ഷികൾ സിന്ദാബാദ് എന്ന ചിത്രത്തിൽ ഒ.എൻ.വി. യുടെ രചനയിൽ എം.ജി. രാധാകൃഷണൻ സംഗീതം നൽകി എം.ജി. ശ്രീകുമാറും ചിത്രയും ആലപിച്ച ഗാനമാണ്

*നമ്മളു കൊയ്യും വയലെല്ലാം*
*നമ്മുടെതാകും പൈങ്കിളിയെ*

16. ദീർഘകാലം സിനിമയിൽ നിന്ന് വിപ്ലവഗാനങ്ങൾ ഒഴിവായി നിൽക്കുകയും അവയുടെ കാലം കഴിഞ്ഞു എന്ന് കരുതിയിരുന്നപ്പോൾ സൃഷ്ടിക്കപ്പെട്ട ഒരു ഗാനം പുതിയ കാലത്തെ വിപ്ലവഗാനം എന്നു വിശേഷിപ്പിക്കപ്പെട്ടു.

*ചോര വീണ മണ്ണിൽ*
*നിന്നുയർന്നു വന്ന പൂമരം*
*ചേതനയിൽ നൂറു നൂറു*
*പൂക്കളാൽ പൊലിക്കവെ*

2007 ൽ ഇറങ്ങിയ അറബിക്കഥ എന്ന ചിത്രത്തിനു വേണ്ടി അനിൽ പനച്ചൂരാൻ രചനയും ആലാപനവും നിർവ്വഹിച്ച ഗാനത്തിന് ആവേശം തുടിക്കുന്ന നവ്യമായ ഈണം നൽകിയത് പുതിയ തലമുറയിലെ സംഗീത സംവിധായകനായ ബിജിബാൽ ആണ്. ഈ ഗാനം യുവമനസ്സുകൾക്ക് ഇന്നും ആവേശമാണ്.

വാൽക്കഷ്ണം :- *മനുഷ്യന്റെ പോരാട്ടങ്ങൾ അവസാനിക്കുന്നില്ല. അത് കാലത്തിനനുസരിച്ച് പുതിയ രൂപത്തിലും ഭാവത്തിലും ആയിരിക്കുമെന്നു മാത്രം. അതുപോലെ തന്നെ വിപ്ലവ ഗാനങ്ങളും....*

*അവലംബം*


1. മധു കെ.വി. – മെയ് 1 ലോക തൊഴിലാളി ദിനമായ കഥ- ഏഷ്യാനെറ്റ് ന്യൂസ്.കോം.
2 ജനയുഗം വെബ്സൈറ്റ്– മെയ്ദിനം നീണാൾ വാഴട്ടെ
3. ദേശാഭിമാനി വെബ് സൈറ്റ് – മെയ്ദിനത്തിന്റെ കഥ
4. റോയി വർഗീസ് – മെയ്ദിനം ചരിത്രവും വർത്തമാനവും – സിറാജ് ലൈവ്.കോം
5. വിക്കിപീഡിയ – വിപ്ലവഗാനങ്ങൾ
6. പെരുമ്പുഴ ഗോപാലകൃഷ്ണൻ – ജി. ദേവരാജൻസംഗീതത്തിന്റെ രാജശിൽപി – മാതൃഭൂമി ബുക്സ്, കോഴിക്കോട്
7. ഷാജൻ സി മാത്യു – കൊളുത്തി നിങ്ങൾ തലമുറ തോറും – മലയാള മനോരമ ഞായറാഴ്ച 2016 മെയ് 1

**സുഭാഷിതം**

# പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നവർ....



*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

**ഇ**ന്ന് ദൈനംദിന ജീവിതം തടസ്സമില്ലാതെ നീങ്ങുവാൻ വഴികൾ ഏറെയാണ്. എന്തിനും സൗകര്യപ്രദമായ എളുപ്പവഴികൾ ലഭ്യമാണ്. ഇന്റർനെറ്റിന്റെ വരവോടെ ഏത് ആവശ്യത്തിനും ആപ്പാണ്. വീട്ടിൽ നിന്നും പുറത്തിറങ്ങി ചെയ്യേണ്ടുന്ന ഒട്ടുമിക്ക ജോലികളും വീട്ടിലിരുന്ന് ചെയ്യാം. പ്ലെയിൻ, ട്രെയിൻ യാത്രാ ടിക്കറ്റുകൾ ബുക്കു ചെയ്യാം. സർക്കാരിലുൾപ്പടെയുള്ള ഏത് പണ ഇടപാടും അനായാസം ചെയ്യാം. അങ്ങനെ എല്ലാ മേഖലകളിലും മനുഷ്യനെ സഹായിച്ച് അവനെ വീട്ടിൽ തന്നെ ഇരുത്തിയിരിക്കുന്നു. ഈ സാങ്കേതിക വിദ്യ വിദ്യാർത്ഥികൾക്കാണ് ഏറെ പ്രയോജനകരം. പഠനശാഖ ഏതാണെങ്കിലും തന്റെ സംശയ ങ്ങൾ ദുരീകരിക്കുവാൻ നിമിഷം കൊണ്ട് സാധിക്കുമാറ് സംവിധാനം വികസിച്ചിരി ക്കുന്നു. വാർത്താവിനിമയ രംഗം മനുഷ്യന് ഭാവനയിൽ പോലും കാണുവാൻ സാധിക്കാത്ത നിലയിലേക്ക് മുന്നേറിയിരിക്കുന്നു. അങ്ങനെ ബുദ്ധിമുട്ടില്ലാതെ ജീവിതം സുഖകരമാക്കുവാൻ ഏവർക്കും സാധിക്കുന്നു.... ഇത് ഒരു വശം.

ഇതിന്റെ മറുവശം വ്യക്തിവികാസത്തിന്റെ നിലവാരത്തകർച്ചയാണ്. നമ്മുടെ പൂർവ്വീകർ ഈ സൗകര്യങ്ങളൊന്നും ഉണ്ടായിട്ടല്ല ജീവിച്ച് മുന്നേറിയത്. ഒരുപാട് പ്രയാസങ്ങളെ അതിജീവിച്ചാണ് അവർ ജീവിതം മുന്നോട്ട് നയിച്ചത്. ഇന്നത്തെപ്പോലെ ഗതാഗത സൗകര്യം അന്ന് ഉണ്ടായിരുന്നില്ല. ഓരോ ദിവസവും വളരെ ദൂരം കാൽനടയായി യാത്ര ചെയ്യേണ്ടിവന്നിരുന്നു. വിദ്യാർത്ഥികൾ കിലോമീറ്ററുകൾ നടന്നായിരുന്നു വിദ്യാലയത്തിലെത്തിയിരുന്നത്. എന്നിരുന്നാലും ഒരു പ്രശ്നത്തിന്റെ മുന്നിലും അവർ തളർന്നിരുന്നില്ല. ഏത് പ്രതികൂല സാഹചര്യത്തേയും നേരിടുവാനുള്ള കരുത്ത് അനുഭവങ്ങളിലൂടെ നേടിയിരുന്നു. പരാജയം ഭയന്ന് ജീവിതം അവസാനിപ്പിച്ചില്ല. തീയിൽ മുളച്ചത് വെയിലേറ്റാൽ വാടില്ലെന്ന് പറയാറില്ലേ...

എന്നാൽ, ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിനു തടസ്സം നേരിട്ടാൽ ജീവിതം തന്നെ വഴിമുട്ടുന്ന കാഴ്ച നാം കാണുന്നു. സാഹചര്യമൊന്ന് പ്രതികൂലമായാൽ ക്രോധത്തിനിരയാവുകയും ജീവിതത്തിന്റെ താളം തെറ്റുകയും ചെയ്യുന്നു. പ്രതികൂല സാഹചര്യം നേരിടുമ്പോഴാണ് ഒരുവൻ യഥാർത്ഥ വ്യക്തിയായി വളരുന്നത് എന്ന സത്യം മനസ്സിലാക്കുക. സ്വർണ്ണം തീയിലിട്ടാണ് ശുദ്ധീകരിച്ചെടുക്കുന്നത്.

ഒരിക്കൽ, കൊട്ടാരത്തിൽ രാജസദസ്സ് നടക്കുന്നതിനിടയിൽ ഒരാൾവന്നു രാജാവിനെ വണങ്ങിക്കൊണ്ട് പറഞ്ഞു; ഞാനൊരു രത്ന വ്യാപാരിയാണ്. അനേക രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അവിടെയുള്ള പണ്ഡിതന്മാരോടൊല്ലാം ഞാനൊരു ചോദ്യം ചോദിച്ചു. ഒരാൾക്കും ശരിയുത്തരം പറയുവാൻ സാധിച്ചില്ല. താങ്കളുടെ സദസ്സിലെ പണ്ഡിതന്മാരേയും സകല പൗരന്മാരേയും വെല്ലുവിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

രാജാവ്, അയാൾക്ക് ചോദ്യം ചോദിക്കുവാനുള്ള അനുമതി നൽകി. വ്യാപാരി

## നാടുനന്നാകാൻ - 17

# ഉപ്പുതിന്നുന്നവർ വെള്ളം കുടിക്കണം



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ഈ**യിടെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ ഒരു അക്രമിയുടെ കുത്തേറ്റ് ചികിത്സനൽകിക്കൊണ്ടിരുന്ന ഡോക്ടറായ യുവ വനിത അതിദാരുണമായി കൊല്ലപ്പെട്ട സംഭവം നാടിനെയൊന്നാകെ നടുക്കി. രോഗിയെ കൊണ്ടുവന്ന പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ ഇങ്ങനെയൊരക്രമം നടന്നതിൽ നാം ലജ്ജിക്കണം. പോലീസുകാർ സാഹചര്യത്തിനൊത്ത് പ്രവർത്തിച്ചില്ലെന്ന ആക്ഷേപം ശക്തമാണ്.

വേറൊരക്രമി ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ പെട്രോൾ ഒഴിച്ച് തീകത്തിച്ച് ദുരന്തം വിതച്ചിട്ട് അധിക കാലമായില്ല. ആക്രമണങ്ങൾ ഇപ്പോൾ വ്യാപകമാകുന്നു. അതിന് കാരണങ്ങൾ വേണമെന്നില്ല. ഒരുതരം ക്രൂര വിനോദംപോലെയാണ് കാര്യങ്ങൾ. കുറ്റവാളികളെ നേരിടേണ്ട പോലീസുദ്യോഗസ്ഥർ, വരെ ആക്രമിക്കപ്പെടുന്നു. ബസ്സുകളിൽ ജീവനക്കാർ പീഢിപ്പിക്കപ്പെടുകയും ആക്രമണങ്ങൾക്കിരയാവുകയും ചെയ്യുന്നു. ഓഫീസുകളിൽ ജീവനക്കാരെ കൈയേറ്റം ചെയ്യുന്നു. തെരുവുകളിലും കവലകളിലും ഗുണ്ടാവിളയാട്ടം വ്യാപകമാകുന്നു. വാണിജ്യ സ്ഥാപനങ്ങൾ ആക്രമണ വിധേയമാകുന്നു. സദാചാര ഗുണ്ടകളെന്ന പേരിൽ തെമ്മാടികൾ നിയമം കൈയിലെടുക്കുന്നു. ആൾക്കൂട്ട ആക്രമണം വർദ്ധിക്കുന്നു. മാന്യതയുള്ളവർക്ക് സ്വൈര ജിവിതം നഷ്ടമാകുന്നു.

ആശുപത്രികളിൽ, പ്രത്യേകിച്ചും സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരും ജീവനക്കാരും രാത്രികളിൽ ജോലിചെയ്യുന്നത് ഭയപ്പാടോടെയാണ്. രാത്രികളിൽ ചികിത്സ തേടുന്നവരിൽ പലരും സാമൂഹ്യ

---

അയാളുടെ സഞ്ചിയിൽ നിന്നും ഒരേ വലിപ്പത്തിലും ആകൃതിയിലും നിറവുമുള്ള രണ്ട് വസ്തുക്കൾ പുറത്തെടുത്ത് മേശമേൽ വെച്ച് രാജാവിനോട് പറഞ്ഞു. ഇതിൽ ഒന്ന് അമൂല്യമായ രത്നക്കല്ലും മറ്റൊന്ന് കുപ്പിച്ചില്ലുമാണ്. ഇവയിൽ രത്നമേതെന്ന് കണ്ടുപിടിക്കണം. വിജയിക്കുന്നയാൾക്ക് ഈ രത്നം സമ്മാനമായി നൽകും. കഴിഞ്ഞില്ലെങ്കിൽ ഈ രത്നത്തിന്റെ വില പണമായി എനിക്ക് നൽകണം.

രത്നം ഏതെന്ന് തിരിച്ചറിയുവാൻ അവിടെ സദസ്സിലുണ്ടായിരുന്ന ആർക്കും സാധിച്ചില്ല. അപ്പോൾ ആൾക്കൂട്ടത്തിൽ നിന്നും അന്ധനായ ഒരാൾ മുന്നോട്ടു വന്നു. അയാൾ രണ്ടു വസ്തുക്കളും കൈകൊണ്ട് തൊട്ടുനോക്കി. അതിൽ ഒന്ന് കൈയിൽ എടുത്തുകൊണ്ടു പറഞ്ഞു; ഇത് യഥാർത്ഥ രത്നവും മറ്റേത് കുപ്പിച്ചില്ലുമാണ്. ഉത്തരം ശരിയെന്ന് സമ്മതിച്ച് വ്യാപാരി രത്നം അന്ധന് സമ്മാനമായി നൽകി.

രാജാവ് അന്ധനോട് ചോദിച്ചു; യഥാർത്ഥ രത്നം നിങ്ങൾ തിരിച്ചറിഞ്ഞതെങ്ങനെയാണ്? അന്ധൻ പറഞ്ഞു; അതിൽ ഒന്ന് വെയിലേറ്റ് ചൂടായിരിക്കുന്നു. എന്നാൽ വെയിലേറ്റിട്ടും മറ്റേത് ചൂടായില്ല. ചൂടാകാത്തതാണ് യാഥാർത്ഥ രത്നമെന്ന് മനസ്സിലായി. പ്രതികൂല സാഹചര്യങ്ങളാകുന്ന വെയിലേറ്റ് ചൂടാകാതിരിക്കുന്ന വ്യക്തി യഥാർത്ഥ രത്നം തന്നെയാണ്.

വിരുദ്ധരാണ്. എപ്പോൾ വേണമെങ്കിലും ആക്രമണം നടക്കാമെന്ന സാഹചര്യമാണ് മിക്കവാറും എല്ലായിടത്തും തന്നെ.

സന്ധ്യ കഴിഞ്ഞാൽ ബസ്സുകൾക്കു വേണ്ടിയുള്ള കാത്തിരുപ്പുകേന്ദ്രങ്ങൾ കടുത്ത ആശങ്കയുടെയും ഭയപ്പാടിന്റെയും നിഴലിലൂടെയാണ് കടന്നുപോകുന്നത്. ജോലി കഴിഞ്ഞും പഠനം കഴിഞ്ഞും വീടുകളിലെത്തേണ്ട യുവതികളുൾപ്പെടെയുള്ളവരുടെ മനസ്സിലെ തീ അധികൃതർ ശ്രദ്ധിക്കുന്നതേയില്ല. വൈകുന്നേരമാകുമ്പോൾ ബസ് സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നത് ഇപ്പോൾ ഒരു തരം ക്രൂര വിനോദമാണ്. ഇരുട്ടുപരന്നു തുടങ്ങുമ്പോൾ യാത്രക്കാർക്ക് സാമൂഹ്യവിരുദ്ധരിൽ നിന്ന് സംരക്ഷണം ലഭിക്കേണ്ടതാണെന്ന ചിന്ത അധികൃതരുടെ ഭാഗത്ത് ഇല്ലാതെ പോകുന്നു. അനിഷ്ട സംഭവങ്ങൾ സംഭവിക്കുന്നില്ലെങ്കിൽ അത് യാത്രക്കാരുടെ ഭാഗ്യംകൊണ്ടു മാത്രം.

KSRTCയിലെ കണ്ടക്ടർ ജോലി സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏറെ ദുഷ്കരമാണെന്നത് ഏവർക്കും അറിയാവുന്നതാണ്. ഞരമ്പുരോഗികളുടെ ശല്യം അവർ ഏറെ സഹിക്കുന്നുവെങ്കിലും പുറത്തുപറയാൻ മടിക്കുന്നു. ഓഫീസുകളിൽ വെള്ളക്കോളർ ജോലി ചെയ്യുന്ന പുരുഷൻമാരെവരെ ഈ ജോലി ചെയ്യിച്ചിട്ട് വനിതകളെ ഓഫീസ് ജോലിക്ക് നിയോഗിച്ച് പ്രശ്ന പരിഹാരം കാണാവുന്നതേയുള്ളു. കണ്ടക്ടർ ജോലി ചെയ്യുന്ന വനിതകൾ അവരുടെ ഗതികേടുകൊണ്ടു മാത്രമാണ് ആ പണി ചെയ്യുന്നതെന്ന് ബന്ധപ്പെട്ടവർ തിരിച്ചറിയേണ്ട സമയം എന്നേ കഴിഞ്ഞു.

ശിക്ഷയില്ലാതെ രക്ഷപ്പെടാനാകുന്നതും വളരെ കുറഞ്ഞരീതിയിലുള്ള ശിക്ഷയും കുറ്റവാളികൾക്ക് പ്രോത്സാഹനമാകുന്നു. ഒട്ടുമിക്ക കുറ്റവാളികൾക്കും നല്ല രാഷ്ട്രീയ ബന്ധമുള്ളതിനാൽ ശിക്ഷയെന്നത് അവർക്ക് ബാധകമാകുന്നില്ല. ആക്രമണങ്ങളിലും പൊതു മുതൽ നശിപ്പിക്കുന്നതിലും കൊലപാതകങ്ങളിലും കലാപങ്ങളിലും പങ്കുള്ളവർ ഉന്നതരാകുന്നത് അവർക്ക് പ്രചോദനമാകുന്നുവെന്ന വസ്തുത തള്ളിക്കളയാനാവില്ല.

അക്രമികളെ അമർച്ച ചെയ്യാൻ തയ്യാറാക്കുന്ന ആശുപത്രി സംരക്ഷണ നിയമം ഫലം കാണുമെന്ന് പ്രതീക്ഷിക്കാം. കുറ്റവാളികൾക്ക് കടുത്ത ശിക്ഷകൾ ലഭിക്കുന്ന നിയമങ്ങൾ മാത്രം പോരാ, അത് അവർക്കു കാലതാമസം ഒട്ടും കൂടാതെ വിധമുള്ള പാളിച്ചകളില്ലാത്ത നടപടിക്രമങ്ങളും വേണം. അടിയന്തിരാവസ്ഥ കാലത്ത് ക്രമസമാധാനനില വളരെ മികച്ച രീതിയിലായിരുന്നുവെന്നത് ഒരു വസ്തുതയാണ്. കുറ്റമറ്റ രീതിയിൽ ആഭ്യന്തര വകുപ്പ് പ്രവർത്തിച്ചാൽ അക്രമികൾ ഉൾവലിഞ്ഞ് കുറ്റകൃത്യങ്ങൾ കുറഞ്ഞുവരും.

ഗൾഫു രാജ്യങ്ങളിലും മനുഷ്യരുണ്ട്. നിയമങ്ങളും നിയമപാലകരുമുണ്ട്. അവിടെ നീതിന്യായ സംവിധാനത്തിന്റെ നിക്ഷ്പക്ഷതയും കാര്യക്ഷമതയും മികച്ചതാണ്. അക്രമങ്ങൾ അതുകൊണ്ടുതന്നെ വളരെ കുറവാണ്. അവിടെ അക്രമങ്ങളോ അപകടങ്ങളോ ഉണ്ടായാൽ പോലീസെത്തി നടപടികൾ സ്വീകരിക്കാൻ ഒട്ടും വൈകാറില്ല. നമുക്കും അതുപോലുള്ള സംവിധാനമാണാവശ്യം.

മുൻ കാലങ്ങളിൽ അക്രമികളെ നേരിടാൻ നാട്ടുകാർ സംഘടിക്കുമായിരുന്നു. ഇന്ന് അക്രമികൾ ഏറെ ശക്തരും സംഘടിതരുമാണ്. അതുകൊണ്ട് പൊതുജനം അവരെ ഭയക്കുന്നു, പോലീസുകാർപോലും. മഫ്തിയിൽ, എത്ര സംഘടിതരായ ഗുണ്ടാ സംഘത്തെയും മിന്നൽ വേഗത്തിൽ നേരിടാൻ ശേഷിയുള്ള പോരാട്ട വീര്യമുള്ള വലിയ അംഗശേഷിയുള്ള പോലീസ് സംഘങ്ങളെ വ്യാപകമായിവിന്യസിച്ച് സാമൂഹ്യ വിരുദ്ധരെ അമർച്ച ചെയ്യാൻ അധികൃതർ ഒട്ടും അമാന്തിച്ചുകൂടാ.

# WHY WE GET OFFENDED EASILY

*Er Thomas Kolanjikombil*
Maramon.

When we are living in this world, it is not unusual that we get offended. On occasions we all become offended, sometimes it's an appropriate response and sometimes it isn't. Irritable is the adjective used for people who get offended easily. It seems the world is full of people who are easily offended by the actions or speeches of others. This promote a vicious toxic circle of tit for tat insults and actions that can irreparably damage friendships, family bust ups and ruin work or business relationships permanently. Depending on the authority of the person, it can even lead to war between nations. History tells us, it happened on many occasions.

Irritable persons shall be impatient, easily get annoyed and constantly complaining. They behave snappishly. They have many prejudices. They have a tendency to convince others that that they are not truly a bad person.

We need not have any specific reasons, but the way others dressed, the colour of their skin, the language they spoke, the tone of their voice, etc offend us. We all are sensitive about something and we get upseted when we come across it. Each of us has our own belief and our own version of the world in our mind. They control us and we are anxious (subconsciously) to protect our version. This anxiety make us feel offended when somebody's behaviour does not match with our version. It is substantiated that our 'perceived insult' is a function of our 'anxiety to bring other person's thinking and behaviour to match ours'. But if we are trained to see 'truth only as truth', it may help to mitigate our ordeal of anxiety. Bear in mind that offensive comments are, just to the listener offensive. A comment or look offend us because we interpret it in that way. How it is interpreted varies from person to person.

If we are on the receiving end of one's bumbling or blundering behaviour and it is fired upon our hot button, we may not be able to avoid taking them personally. But it hardly matters whether others intent was personal and the motives we are ascribing to them are valid.

Some people are simply more sensitive than others. That's their temperament. That's how they are wired. They get offended easily. For them it is hard to maintain healthy relationships. Overly sensitive people should consider, how else they could think, other than, the remark is meant to insult them. Overly offensive can be mented, if they accept their problem. When we feel hurt by someone's remark or lack of attention, just slip away from it.

If our parents were people who are easily offended, then we won't have learnt skills in our childhood to handle untoward remarks or actions. We might have developed a mindset that everyone

responds like this. We react to situations accordingly.

Being quick to offensive can also be from our insecurities, past trauma, ego, unrealistic expectations or even control issues.

While growing we might have been subjected to multitude of insecurities and their effects are embedded in us. This make us sensitive to certain (largely presumed) criticism, abuse or neglect. This inturn yield us to be suspicious or distrustful another person's motives. We get offended when their behaviour yanks our emotional chain. Others remark may be innocent or not at us, but we might instantly start to wonder weather they aim at us or making fun of us. We react, making them wonder what in the world is going with us. People who feel insecure think that others will not respond to their needs in a helpful way and often respond in a passive and aggressive manner. As a result they are more easily offended than others, as a way to acknowledge their pain.

We might have experienced something in the past that was traumatising. The nature of this trauma shall be negatively sensitising us, to anything in the present, that unconsciously remind us of the past. Involuntarily such a circumstance put us on high alert and we feel compelled to react negatively. Taking offensive can be a way to disown our past and put responsibility on others.

Most of us possess an ego. Ego is a self protecting mechanism, it's not rational. A person with ego will self defend against rationale. Prejudices, narrow mindness are features consistent with ego. It is ego that is making us vulnerable in assuming another's behaviour as hurtful, hostile or threatening. If our ego is resilient and reasonably strong, such that we don't take things too easily, then we may not be upset with another's tactlessness or insensitivity. But if we have self doubt or self image issues, our self protecting programming will take over and we will be driven to take offensive.

Our daily interaction and behaviour are deeply rooted in what we expect from others. When we are communicating or witnessing a situation, these expectations can conflict with the situations and we get offended. It is important to have willingness to hear the other person's perspectives first before dismissing them. Misreading another's intent shall compel us to react to it and get falsely accused. 'Reading between the lines' is an expression that we are subconsciously relating another's words to our personal history. We are appraising their meaning as implying something disparaging about us.

Once a man who envied Sribuddha, wanted to annoy him, was verbally abusing and insulting him. He did everything that could offend Buddha. Buddha remain unmoved. A while later he asked the man, "if someone offers you a gift and you declined to accept it, to whom then does the gift belongs ". The man replied "then it belongs to the person who offered it". Buddha smiled at him, the man understood that his deeds were back

# POWER OF DEEP BREATHING



***Er M. Anil***
Deputy Chief Engineer (Rtd.)

Breathing is a non-voluntary activity, the deficiency of its quality results in improper metabolic activities, various diseases related to shallow breathing resulting in high blood pressure, diabetes mellitus etc. Deep breathing must be practised to get rid of many of the diseases associated with shallow breathing- lung capacity utilisation must be made the maximum to have good supply of oxygen to the cells and tissues for efficacious functioning of our various organ systems and metabolic activities.

As the old adage says, “Breathe like a baby…”, all are expected to breathe like the baby does. That is, during our breathing, our belly must expand and normal deep breathing is accompanied with the inflation and deflation of stomach. The inhaled air results in expansion of lungs and the lateral expansion of lungs are prevented by the rib cage. When the lungs expand, the diaphragm is pushed down which causes the diaphragm to gently massage the internal organs like kidneys, spleen, pancreas etc. which rejuvenate them to work efficaciously.

**Process of Breathing**

Breathing consists of a co-ordinated action between the pulmonary and circulatory systems in the human body. When the air is inhaled through the nostrils, air containing 21% oxygen enters the lungs and 4 to 5% of the oxygen is mixed with deoxygenated blood and carbon dioxide

brought by the deoxygenated blood is exchanged in the exhaled air. The deoxygenated blood is brought to the lungs via pulmonary artery and the oxygenated blood from lungs go back to heart through pulmonary vein. The exchange of oxygen and carbon dioxide

---

fired. We should not get debased by others actions.

Secret of happiness is 'the fine art of not being offended'. Every action, reaction and statement of another person is the sum result of that person's total life experience. They do it from their own sets of fears, conclusions, defence and attempts to survive. So even if it aim us directly, it has nothing to do with us. This is true, even for our closest loved ones and our beloved partner. Every time we feel offended we are actually 'just in a misunderstanding'. A true embodiment of this idea, free us from getting easily offended. Instead of feeling offended, visualize that they are the result of other person's 'sufferings'. If we are not providing velcro for it to stick, we shall be changing the world around us, without saying a thing.

that takes place in the lings is called external respiration. Heart pumps oxygenated blood through arteries and capillaries to different body parts- tissues and cells- when carbon dioxide produced as a by- product of metabolism is mixed with the blood; and oxygen is absorbed by the tissues and cells for further metabolism. The exchange of oxygen and carbon dioxide that takes place in the tissues/ cells is called internal respiration. The circulation of blood that happens from the heart to different parts of the body and back constitutes systemic circulation, whereas the transfer of blood in bulk between heart and lungs constitute pulmonary circulation.

**Physiology of Breathing**

The oxygen is critical for metabolism at cellular levels and the carbon dioxide is critical in maintaining the pH level of blood. The pulmonary system adapts by adjusting breath patterns in response to changes in the blood gas levels. The depth of breath can be increased by under taking physical exercises. As we are subjected to various stress in life, our depth of breathing come down. The body contracts diseases when the depth of breath is reduced.

When we spend time in a physically passive state, then also the depth of breath comes down.

**Deep Natural Breathing**

Deep natural breathing occurs when we consciously breathe by utilising the full lung capacity. The frequency of breathing is normally 12 to 18 times per minute. During deep natural breathing, inhalation of air is done through nostrils, and after holding the breath for four to five seconds, exhalation is to be done intentionally through the mouth aiming to evacuate the air from the pulmonary system completely. The next cycle starts with inhalation of air through the nostrils. During the process, the benefits of deep breathing is enhanced by feeling that the incoming breath provides sufficient oxygen to support our life and the outgoing breath relaxes our physical systems. Deep natural breathing is also called diaphragmatic breathing, abdominal breathing, belly breathing, or paced respiration.

Most cultures consider a flat belly as a sign of health, and it really is; and part of personal aesthetics, and hence the grown ups tend to hold in their stomachs, resulting in shallow chest breathing. Chest breathing increases the anxiety and stress levels, causing blood pressure to rise. Deep breathing relaxes our mind and is capable of destressing us. Most of the diseases are caused due to shallowness of our breath and low lung capacity utilisation.

Therapeutic Applications of Breathing

Breathing has many therapeutic applications. The correctness of breathing can be assessed with a pulmonary function test (PFT), undertaken by pulmonologists.

a) Deep breathing, if practised regularly, can lower increased blood sugar levels; control blood pressure, and cholesterol levels. Thus, deep breathing can be used as a lifestyle correction technique to control or correct life style disorders.

# "The Someone I Call Mine"



Er Anilkumar G
*Asst. Executive Engineer*

I miss the feeling of having you
With me who makes me smile
Who I think of the first and last everyday
Someone there to hold me in distress

The one who ignores my defects
And love me for who I am
With you I will walk hand in hand,
Creating a world only we understand.

And makes butterflies in my stomach
And raise my pulse each time we are together
The one with whom I can sit without saying a word
And whose eyes you can look for hours

A soul to embrace with every beat of my heart
The someone who I can Call mine.

---

b) Kapaala Bhathi is a yogic technique for improved health, which involves fast breath performance of 100- 120 breaths per minute. Kapaala Bhathi is beneficial to the muscular system, respiratory system, circulatory system, endocrine glands, nervous system, and digestive system. The brain cells are invigorated in the process of fast breathing with increased circulation of blood to the brain cells and higher oxygen concentration. Patients suffering from diabetes, obesity, digestive disorders, constipation, gastritis, and hyperacidity find relief with the practice of Kapaala Bhathi.

c) Rhythmic Breathing, which involves breathing at different rhythms, can impair the constricted and inflammated bronchi of asthma patients, providing relief to them. The mucus gets stuck in the air-way can be expelled with deep breathing and faster rhythmic breathing, and higher amounts of air can be admitted into the lungs with rhythmic breathing, which enhances relief in asthma patients.


KSERC Public Hearing


Thiruvananthapuram Unit Meeting


Kasaragod Unit Meeting


Eranakulam Unit Meeting

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628

Price ₹ 10
Postal Reg. No. KL/TV(N)/645/2022-2024
Date of Publication 19-06-2023



Moovattupuzha unit meeting



Thrissur unit meeting

Edited, Printed & Published by K.G. Potti, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only